# താമരമൊട്ടുകൾ

വാല്യം 25 | ഏപ്രിൽ 2023 | ലക്കം 04 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## April 2023

| | | |
|---|---|---|
| 01 | 14.30 | Bethania |
| | 17.00 | Thiruvambady |
| 02 | 07.00 | Cathedral |
| 03 | 10.00 | Cathedral |
| 04 | | PMOC |
| 05 | | Prayer day |
| 06 | 07.00 | Cathedral |
| | 17.30 | Devagiri |
| 08 | 06.30 | Venappara |
| 09 | 03.00 | Cathedral |
| 11 | 10.00 | Edivanna |
| 12 | 06.30 | Kannoth |
| | 09.30 | Cathedral |
| | 12.00 | Kozhikode |
| 13 | 10.00 | Thamarassery |
| | 17.30 | Pullurampara |
| 14 | 07.30 | Karingad |
| | 09.00 | Chappenthottam |
| | 11.00 | Chevayur |
| | 12.00 | Chamal |
| | 16.30 | Chundathumpoyil |
| 15 | 05.30 | Bethania |
| | 10.30 | Chembanoda |
| | 18.00 | Vettilappara |
| 16 | 07.30 | Ponniyamkurissy |
| | 16.00 | Karuvarakundu |
| 17 | 07.30 | Padathukadavu |
| | 10.30 | Maruthomkara |
| 18 | 06.30 | Bethania |
| | 11.00 | Thamarassery |
| | 17.00 | Puthuppady |
| 19 | 09.00 | Thamarassery |
| 20 | 10.30 | Thottumukkam |
| | 03.30 | Poothampara |
| 21 | 09.30 | Paroppady |
| | 17.00 | PMOC |
| | 18.30 | Paroppady |
| 22 | 07.00 | Koorachundu |
| | 10.00 | Kulathuvayal |
| | 16.00 | Manjakunnu |
| 23 | 09.00 | Pandalloor |
| | 17.00 | Chamal |
| 24 | 18.30 | Bethania |
| 25 | 09.00 | Kunnamangalam |
| | 10.00 | Poolakkadavu |
| 26 | 10.00 | Padichira |
| 27 | 10.00 | Paroppady |
| | 17.00 | Kalkundu |
| 28 | | Kodanchery |
| 29 | 08.00 | Thamarassery |
| 30 | 10.00 | Payyampally |

വാല്യം 25 താമരമൊട്ടുകൾ ഏപ്രിൽ 2023 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"അവൻ ഇവിടെയില്ല, താൻ അരുളിച്ചെയ്തതുപോലെ
അവൻ ഉയിർപ്പിക്കപ്പെട്ടു"

(മത്തായി 28:6)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 259 |
| 2. | പ്രോഗ്രാം ഏപ്രിൽ 2023 | 261 |
| 3. | സർക്കുലർ 04/2023 | 262 |
| 4. | സർക്കുലർ 05/2023 | 266 |
| 5. | സർക്കുലർ 01/2023 | 268 |
| 6. | സർക്കുലർ 02/2023 | 270 |
| 7. | സർക്കുലർ 03/2023 | 272 |
| 8. | കച്ചേരികാര്യം | 275 |
| 9. | രൂപതാദിനം 2023 | 279 |
| 10. | വിശ്വാസപരിശീലനം | 282 |
| 11. | ആദരാഞ്ജലികൾ | 286 |
| 12. | അൾത്താര സംഘടന | 287 |
| 13. | ചെറുപുഷ്പ മിഷൻലീഗ് | 288 |
| 14. | ലിറ്റർജി കമ്മീഷൻ | 290 |
| 15. | സെമിനാരി വാർത്തകൾ | 292 |
| 16. | സ്റ്റാർട്ട് | 293 |
| 17. | അൽഫോൻസ കോളേജ് തിരുവമ്പാടി | 295 |
| 18. | ആൽഫ മരിയ അക്കാദമി | 301 |
| 19. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 302 |
| 20. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 303 |
| 21. | ഇൻഫാം | 305 |
| 22. | കെസിവൈഎം-എസ്എംവൈഎം | 306 |
| 23. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 313 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 314 |
| 25. | ബഥാനിയ ധ്യാനകേന്ദ്രം | 315 |
| 26. | വികസനവേദി | 316 |
| 27. | യേശുനിധി | 323 |
| 28. | അജപാലനക്കുറിപ്പുകൾ | 324 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Mattappilly Sebastian | April | 2 |
| Palliyodil Joseph Christie | | 4 |
| Panthaladickal Joseph | | 5 |
| Chelackal George | | 7 |
| Koyipurath Jacob | | 14 |
| Muttathukunnel Wilson | | 14 |
| Srambickal Abraham | | 12 |
| Puthusseriputhenpura George | | 15 |
| Kochumundammalayil Francis | | 16 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Alappattukottayil Joseph | | 19 |
| Thittayil Mathew | | 19 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Puthanpurakkal Joseph | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Asariparambil George | April | 24 |
| Chelackal George | | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karintholil George | | 24 |
| Karukamalil George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Narivelil George | | 24 |
| Panackal Varghese | | 24 |
| Paimpillil George | | 24 |
| Purayidathil George | | 24 |
| Puthusseriputhenpura George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |



**Mar Remigiose Inchananiyil**

# പ്രോഗ്രാം ഏപ്രിൽ 2023

| | | |
|---|---|---|
| 02 | ഞായർ | **ഓശാന ഞായർ** |
| 03 | തിങ്കൾ | വി. മൂറോൻ വെഞ്ചരിപ്പ് |
| 04 | ചൊവ്വ | **ചരമദിനം: മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 06 | വ്യാഴം | **പെസഹാ വ്യാഴം** |
| 07 | വെള്ളി | **പീഡാനുഭവ വെള്ളി** |
| 08 | ശനി | **വലിയ ശനി** |
| 09 | ഞായർ | **ഈസ്റ്റർ** |
| 14 | വെള്ളി | വേദസാക്ഷികളുടെ തിരുനാൾ |
| 16 | ഞായർ | പുതുഞായർ |
| 20 | വ്യാഴം | **ചരമദിനം: മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 24 | ഞായർ | വി. ഗീവർഗ്ഗീസ് |
| 25 | ചൊവ്വ | വി. മർക്കോസ് സുവിശേഷകൻ |
| 28 | വെള്ളി | **രൂപതാദിനം - കോടഞ്ചേരി** |
| 29 | ശനി | സിയന്നായിലെ വി. കത്രീന |

*സർക്കുലർ 04/2023*

# ദൈവവിളി

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

ഒരു അധ്യയന വർഷംകൂടി സമാപിക്കുകയാണ്. വിദ്യാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ കാലഘട്ടത്തിന്റെ ഒരു പടികൂടി പിന്നിടുന്നു. SSLC യോ +2 വോ മറ്റ് ഉന്നത പഠനങ്ങളോ കഴിഞ്ഞ കുട്ടികൾ തങ്ങളുടെ ജീവിതത്തെക്കുറിച്ച് ഗൗരവമായ തീരുമാനങ്ങൾ എടുക്കുന്ന സമയമാണിത്. വേണ്ടത്ര ചിന്തിച്ചും പ്രാർത്ഥിച്ചും ജീവിതത്തെക്കുറിച്ച് ഒരു തീരുമാനം എടുക്കുവാൻ എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്ക് വേണ്ടി പോവുക?" എന്ന ദൈവിക ചോദ്യത്തിന് ഏശയ്യാ പ്രവാചകൻ മറുപടി നൽകി "ഇതാ ഞാൻ! എന്നെ അയച്ചാലും!" (ഏശയ്യ 6:8). ദൈവനിയോഗങ്ങൾ മനുഷ്യകരങ്ങളിലൂടെ നിർവ്വഹിക്കപ്പെടുവാൻ കാലാകാലങ്ങളിൽ ദൈവം ഓരോരുത്തരെ പ്രത്യേകമായി വിളിച്ച് വിശുദ്ധീകരിച്ച് നിയോഗിക്കാറുണ്ട്. സ്വഭാവത്താൽ തന്നെ പ്രേഷിതയായ സഭയുടെ ദൗത്യം ഓരോ സമയത്തും തുടരുന്നത് ദൈവവിളിക്ക് പ്രത്യുത്തരം നൽകുന്നതിലൂടെയാണ്.

ഉപഭോഗ സംസ്കാരം കൊടികുത്തി വാഴുന്ന ഈ ആധുനിക കാലഘട്ടത്തിൽ, ഭൗതീകവും ആന്തരീകവുമായ ധാരാളം വെല്ലുവിളികൾ ദൈവവിളി പ്രോത്സാഹനം നേരിടുന്നുണ്ട്. ബാഹ്യമായ വെല്ലുവിളികൾക്കിടയിലും പ്രതിസന്ധികൾക്കിടയിലും ഹൃദയാന്തരങ്ങളിൽ ദൈവസ്വരം ശ്രവിച്ച് സർവ്വലോകസുഖവും പരിത്യജിച്ച്, അനേകായിരങ്ങൾ ഈശോയുടെ കാലടികൾ പിഞ്ചെല്ലുവാൻ മുന്നോട്ട് വരുന്നത് പൗരോഹിത്യ സമർപ്പണ ജീവിതത്തിന്റെ ഇന്നും ഒളിമങ്ങാത്ത ഔന്നത്യമാണ് സൂചിപ്പിക്കുന്നത്.

വിശ്വപ്രസിദ്ധ സുവിശേഷ പ്രഘോഷകനായ ആർച്ച് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീനിന്റെ ജീവിതം ദൈവവിളിയെ പിഞ്ചെല്ലേണ്ടത് എങ്ങനെ എന്ന് വ്യക്തമാക്കുന്നുണ്ട്. പഠിക്കാൻ മിടുക്കനായിരുന്ന അദ്ദേഹത്തിന് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനുള്ള സ്കേളർ ഷിപ്പ് ലഭിച്ചു. മാതാപിതാക്കൾക്കും സുഹൃത്തുക്കൾക്കും അവന്റെ ഭൗതീകനേട്ടത്തിൽ വലിയ സന്തോഷം ഉണ്ടായി. എന്നാൽ അവന്റെ എല്ലാ കാര്യങ്ങളും അറിയുന്ന അവന്റെ ഗുരുവിനെ ഈ കാര്യങ്ങൾ അറിയിച്ചപ്പോൾ, ഗുരു അവനോട് പറഞ്ഞത് "ആ സ്കോളർഷിപ്പ് സർട്ടിഫിക്കറ്റ് കീറി കളയുക. എന്നിട്ട് നീ സെമി

നാരിയിൽ ചേരുക" എന്നായിരുന്നു. ആദ്യമൊന്ന് അമ്പരന്നു എങ്കിലും അതാണ് തന്നെക്കുറിച്ചുള്ള ദൈവനിയോഗം എന്ന ബോധ്യത്തോടെ അദ്ദേഹം സെമിനാരിയിൽ ചേർന്നു. അച്ചനായി, ബിഷപ്പായി, പിന്നീട് ലോകം അറിയുന്ന വചനപ്രഘോഷകനായി. ദൈവത്തിന്റെ വിളി തിരിച്ച റിയുകയും അതനുസരിച്ച് സമർപ്പണം നടത്തുകയും ചെയ്യുമ്പോഴാണ് ഓരോരുത്തരുടേയും ജീവിതം വിജയിക്കുന്നത് എന്ന് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീനിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിന് മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി നിന്നെ നിയോഗിച്ചു. (ജെറമിയ 1:4-5). ജെറമിയ പ്രവാചകനോട് ദൈവം പറഞ്ഞ വാക്കുകളാണിവ. ധൈര്യവും അർപ്പണ ബോധവും ഉള്ളവർക്ക് ദൈവം നൽകുന്ന ദാനമാണ് പൗരോ ഹിത്യ സന്യാസ ദൈവവിളി. കൂട്ടുകാരുടെ കളിയാക്കലുക്കളെ തൃണവ ത്ഗണരിച്ച്, അവരുടെ സാധാരണ ജീവിത ശൈലിയിൽനിന്ന് മാറിനട ക്കാൻ, സ്വന്തം ആഗ്രഹങ്ങളെമാറ്റി വച്ച് ഈശോ പറയുന്ന വഴിയെ നടക്കു വാൻ ധൈര്യമുള്ളവരാണോ നിങ്ങൾ? അങ്ങിനെയുള്ള യുവതീ യുവാ ക്കളെ ക്രിസ്തുവിന് ആവശ്യമുണ്ട്.

പ്രിയപ്പെട്ട മാതാപിതാക്കന്മാരെ, നിങ്ങളുടെ മക്കളെ നല്ല ജോലി ലക്ഷ്യമാക്കി പഠിപ്പിക്കുന്ന കാര്യത്തിൽ നിങ്ങൾ അതീവ ശ്രദ്ധ പുലർത്തു ന്നുണ്ട്. അതോടൊപ്പം കുട്ടികളുടെ ജീവിതത്തെക്കുറിച്ചും ശ്രദ്ധ പുലർത്ത ണം. ജെറമിയ പ്രവാചകന്റെ പുസ്തകത്തിൽ കർത്താവ് പറയുന്നു "നിങ്ങ ളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസിലുണ്ട്, നിങ്ങളുടെ നാശത്തിനല്ല, ക്ഷേമ ത്തിനുള്ള പദ്ധതിയാണത് (ജെറമിയ 29:11) നമ്മുടെ മക്കളെക്കുറിച്ച് നമുക്ക് പലപദ്ധതികളും കാണും. എന്നാൽ ഈ കാലഘട്ടത്തിൽ അത് അവരെ നാശത്തിലേക്ക് തള്ളിവിടുന്നത് ആണോ എന്ന് നമുക്ക് അറിഞ്ഞ് കൂടാ. എന്നാൽ ദൈവം ഉറപ്പ് തരുന്നു; അവന്റെ പദ്ധതി നന്മമാത്രം ആണ് എന്ന്. സാമൂഹ്യ സമ്പർക്ക മാർഗ്ഗങ്ങളും കൂട്ട്കെട്ടുകളും നമ്മുടെ മക്കളെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു എന്നും, ഓരോ നിമിഷവും നമ്മുടെ മക്ക ളുടെ ധാർമ്മികതയെ തകർക്കുന്നു എന്നും നാം അനുഭവത്തിലൂടെയും മാധ്യമങ്ങളിലൂടെയും തിരിച്ചറിയുന്നുണ്ട്. അന്ധകാരത്തിൽ ഉഴലുന്ന ഈ തലമുറയെ നന്മയിലേക്ക് കൈപിടിച്ച് നടത്തുവാൻ ദൈവത്തിന് നമ്മുടെ മക്കളെ ആവശ്യമുണ്ട്. ദൈവിക പ്രചോദനങ്ങളെ ഭൗതിക ആഗ്രഹത്തിന്റെ പേരിൽ അവഗണിച്ചാൽ അത് അനുഗ്രഹമാകില്ല. കുടുംബത്തിൽ നിന്നും നല്ല ദൈവവിളികൾ ഉണ്ടാകുവാൻ നിരന്തരം പ്രാർത്ഥിക്കുകയും നിങ്ങ ളുടെ മക്കളെ ദൈവം വിളിക്കുന്നു എങ്കിൽ ദൈവവേഷ്ടത്തിന് അവരെ വിട്ടുകൊടുക്കുകയും വേണം. മക്കൾ നമ്മുടെ അവകാശമല്ല ദൈവത്തിന്റെ

ദാനമാണ് എന്ന തിരിച്ചറിവുള്ള മാതാപിതാക്കൾ പൗരോഹിത്യ സന്യാസ ജീവിതത്തിലേക്ക് മക്കളെ പറഞ്ഞ് വിടാൻ ഉള്ള ആർജ്ജവത്വം കാണിക്കുക തന്നെ ചെയ്യും. കഴിഞ്ഞ വർഷം നമ്മുടെ രൂപതാ സെമിനാരിയിലേക്ക് 20 പേർ പ്രവേശനം നേടി. കൂടാതെ മറ്റ് സന്യാസസഭകളിലേ ക്കായി 25 പേരും വിവിധ സന്യാസിനീ സമൂഹങ്ങളിലേക്ക് 5 പേരും ദൈവവിളി സ്വീകരിച്ച് പരിശീലനം നേടി വരുന്നു.

ഈശോ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു (മർക്കോസ് 3:13) തനിക്ക് ഇഷ്ടമുള്ളവരെ ഈശോ ഇന്നും വിളിക്കുന്നുണ്ട്. മാതാപിതാക്കളായ നിങ്ങൾ ആ വിളി തിരിച്ചറിയാൻ മക്കളെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്നതാണ് ചോദ്യം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ രൂപതയിൽനിന്നും ഉള്ള വൈദികരും സന്യസ്തരും ശുശ്രൂഷചെയ്യുന്നു എന്നത് ദൈവതിരുമുൻപിൽ തികച്ചും അഭിമാനകരമാണ്. എന്നാൽ വിദേശ രാജ്യങ്ങളിൽ ജോലി ആവശ്യത്തിനായി പോയിരിക്കുന്ന നമ്മുടെ ബന്ധുക്കളും പ്രിയപ്പെട്ടവരും വി. കുർബാനയിലും കൂദാശകളിലും പങ്കെടുക്കാൻ ആഴ്ചകളും മാസങ്ങളും കാത്തിരിക്കേണ്ടിവരുന്നു എന്നും, മണിക്കൂറുകൾ സഞ്ചരിച്ചാണ് ദൈവാലയത്തിലേക്ക് എത്തിചേരുന്നത് എന്നും ചിലപ്പോഴെങ്കിലും സങ്കടത്തോടെ നിങ്ങൾ കേട്ടിരിക്കും. ഈ കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറയുന്നതും, നമ്മൾ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നില്ല എന്നതും, വിദേശ രാജ്യങ്ങളിലെ അവസ്ഥ നമ്മുടെ നാട്ടിലും സംജാതമാകും എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതാണ്.

പൗരോഹിത്യ സന്യാസ ജീവിതത്തോട് ആർക്കെങ്കിലും താത് പര്യം തോന്നുന്നു എന്നത് അത് അവരെ ദൈവം വിളിക്കുന്നു എന്നതിന്റെ പ്രാഥമിക ലക്ഷമാണ്. ബാലനായ സാമുവലിനെ ദൈവാലയത്തിൽ വച്ച് മൂന്നു പ്രാവശ്യം കർത്താവ് വിളിച്ചു. ആ വിളി തിരിച്ചറിയാൻ സാധിക്കാതിരുന്ന സാമുവേലിനെ അത് ദൈവിക സ്വരമാണ് എന്ന് മനസിലാക്കിക്കൊടുത്തത് പുരോഹിതനായ ഏലിയായിരുന്നു. ബഹുമാനപ്പെട്ട മതാധ്യാപകരും സമർപ്പിതരും വികാരിയച്ചന്മാരും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഈ കാര്യത്തിലുള്ള നിങ്ങളുടെ താത്പര്യവും ശ്രദ്ധയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. കുട്ടികളുടെ ദൈവവിളി തിരിച്ചറിയുന്നതിന് അവരെ സഹായിക്കുന്ന ഘടകമാണ് ദൈവവിളി ക്യാമ്പുകൾ. ഈ വർഷം ആൺകുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 3,4,5 തീയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടക്കുകയാണ്. നമ്മുടെ വിദ്യാർത്ഥികളെ അവരുടെ വിളി തിരിച്ചറിയാൻ സഹായിക്കുക എന്നത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്.

പ്രിയമുള്ള കുട്ടികളെ, പരീക്ഷയിൽ നല്ല ഫലം പ്രതീക്ഷിച്ചിരിക്കുന്ന നിങ്ങൾക്ക് ഏവർക്കും മികച്ച വിജയവും സന്തോഷകരമായ അവധിക്കാലവും

നേരുന്നു. പ്രാർത്ഥനവഴിയായും ദൈവവിളി ക്യാമ്പ് വഴിയായും നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുവാനും ആ വിളിയെ അനുധാവനം ചെയ്യുവാനും നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ

സ്നേഹപൂർവ്വം
നിങ്ങളുടെ വത്സലപിതാവ്



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ഏപ്രിൽ 2 ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ദൈവജനത്തെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.



*സർക്കുലർ 05/2023*

# രൂപതാദിനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ഏപ്രിൽ 28ന് താമരശ്ശേരി രൂപത സ്ഥാപിതമായിട്ട് 36 വർഷങ്ങൾ പൂർത്തിയാവുകയാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ താമരശ്ശേരി രൂപത സ്ഥാപിച്ചത് 1986 ഏപ്രിൽ 28-ാം തിയ്യതിയാണ്. കഴിഞ്ഞുപോയ കാലഘട്ടങ്ങളിൽ ദൈവം നമ്മുടെമേൽ വർഷിച്ച അനുഗ്രഹങ്ങൾക്കും കൃപകൾക്കും നന്ദി പറയുവാനും മുന്നോട്ടുള്ള യാത്രയിൽ ദൈവത്തിന്റെ പരിപാലന യാചിക്കുവാനുമുള്ള അവസരമാണ് രൂപതാദിനം. ഈ വർഷത്തെ രൂപതാദിന പരിപാടികൾക്ക് നേതൃത്വം നൽകുന്നത് AOCC ആണ്.

ഈ വർഷം ഏപ്രിൽ 28 വെള്ളിയാഴ്ച കോടഞ്ചേരി സെന്റ് മേരീസ് തീർത്ഥാടന കേന്ദ്രത്തിലാണ് നാം രൂപതാദിനം ആചരിക്കുന്നത്. രാവിലെ 9 മണിക്ക് കൃതഞ്ജതാബലിയോടെ ആരംഭിക്കുന്ന രൂപതാദിന പരിപാടികൾ വൈകുന്നേരത്തോടെ അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൃതഞ്ജതാബലി, പ്രതിനിധി സമ്മേളനങ്ങൾ, പൊതുസമ്മേളനങ്ങൾ എന്നിവയാണ് മുഖ്യപരിപാടികൾ. പൊതുസമ്മേളനത്തിൽ പൗരോഹിത്യ, സന്യസ്ത, വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്നവരെയും വിവിധ സേവനരംഗങ്ങളിൽ സവിശേഷമായ സംഭാവന നൽകിയിട്ടുള്ളവരെയും ആദരിക്കുന്നുണ്ട്. വൈദിക-സന്യസ്ത സംഘടനാ പ്രതിനിധികൾ, യുവജനങ്ങൾ, കുട്ടികൾ എന്നിങ്ങനെ നാല് ഗ്രൂപ്പുകളായിട്ടായിരിക്കും ക്ലാസ്സുകൾ നടക്കുന്നത്. വിശ്വാസത്തിൽ അടിയുറച്ച് സഭയെ പടുത്തുയർത്താൻ പ്രചേദിപ്പിക്കുന്ന ക്ലാസ്സുകളും ഇതര പരിപാടികളുമാണ് രൂപതാദിനത്തിന്റെ പ്രത്യേകത. രൂപതാ നിയമാവലി അനുസരിച്ച് അംഗീകൃതമായിട്ടുള്ള സംഘടനകളുടെ പ്രതിനിധികൾ (പ്രസിഡന്റ്, സെക്രട്ടറി) പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വൈദികരും സിസ്റ്റർ സുപ്പീരിയർമാരും തങ്ങൾക്കായുള്ള പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രൂപതാദിനാഘോഷങ്ങൾ, നമ്മുടെ കൂട്ടായ്മയുടെയും വിശ്വാസപ്രഘോഷണത്തിന്റെയും സാക്ഷ്യമാക്കി മാറ്റുന്നതിന് നമുക്ക് പരിശ്രമിക്കാം. നമ്മുടെ രൂപതയുടെയും സഭയുടെയും സമുദായത്തിന്റെയും സമഗ്രമായ വളർച്ചയ്ക്ക് വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കുകയും, ഇടവകയിൽ നിന്നും പ്രതിനിധികളെ അയക്കുന്ന കാര്യ

ത്തിൽ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. രൂപതാദിനാഘോഷങ്ങൾക്കുവേണ്ടി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. 28-ാം തിയ്യതിയിലെ ദിവ്യബലിയിൽ ഇക്കാര്യം എല്ലാവരും അനുസ്മരിച്ച് പ്രാർത്ഥിക്കേണ്ടതാണ്. വി. അൽഫോൻ സാമ്മയുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മദ്ധ്യസ്ഥത നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ഏപ്രിൽ 16 ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.



*സർക്കുലർ 01/2023*

# മംഗളവാർത്ത തിരുന്നാൾ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

"ഇതാ ദൈവമാണ് എന്റെ സഹായകൻ, കർത്താവാണ് എന്റെ ജീവൻ താങ്ങി നിറുത്തുന്നത്" (സങ്കീ. 54:4). ഓരോ ജീവനും വിലയുള്ളതാണ്. കർത്താവേ എന്റെ ജീവൻ രക്ഷിക്കാൻ വരണമേ,അങ്ങയുടെ കാരുണ്യത്താൽ എന്നെ മോചിപ്പിക്കേണമേ എന്ന വചനം നമ്മുടെ ഹൃദയത്തിൽ അലയടിക്കട്ടെ. മംഗളവാർത്ത ദിനമായ മാർച്ച് 25 ആഗോള കത്തോലിക്കാ സഭ പ്രോ-ലൈഫ് ദിനമായി ആചരിക്കുന്നു. ഈ ലോകത്തിന് മുഴുവൻ ജീവൻ നൽകാൻ വന്നവൻ തന്റെ ജനത്തിനുവേണ്ടി സ്വയം സമർപ്പിച്ച് ജീവൻ നേടിയെടുത്തു. മനുഷ്യ ജീവിതം ആരംഭിക്കുന്നതും വളരുന്നതും പൂർണ്ണത പ്രാപിക്കുന്നതും കുടുംബങ്ങളിലാണ്. ജീവൻ ബലികഴിച്ച് ജീവൻ നേടിയവനായിരിക്കട്ടെ നമ്മുടെ ഓരോ കുടുംബത്തിന്റെയും ശക്തി. ബലിഷ്ഠമായ ക്രൈസ്തവ കുടുംബങ്ങളിലാണ് സഭ നിലനിൽക്കുന്നത്. നാളത്തെ സഭ ഇന്നത്തെ കുടുംബങ്ങളിലാണ് രൂപപ്പെടുന്നത്. ജീവന്റെ അപ്പസ്തോലനായി അറിയപ്പെടുന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ കുടുംബത്തെ വിശേഷിപ്പിക്കുന്നത് 'വിശ്വാസത്തിന്റെ ഗർഭപാത്രം' എന്നാണ്. വിശ്വാസ ജീവിതത്തിന്റെയും ജീവന്റെ സംരക്ഷണത്തിന്റെയും അടിസ്ഥാനം കുടുംബമാണ്. മാമ്മോദീസയിലൂടെ ആരംഭിക്കുന്ന ആത്മീയ ജീവിതം മുളപൊട്ടി, ഫലം ചൂടി സൗരഭ്യം പരത്തുന്നത് കുടുംബത്തിലാണ്. ക്രൈസ്തവ കുടുംബങ്ങൾ ജീവോത്സുക കുടുംബങ്ങളായി രൂപപ്പെടണം. ജീവൻ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതുമാണ് ദമ്പതികളുടെ അടിസ്ഥാന ദൗത്യം.

മനുഷ്യ ജീവനെ നശിപ്പിക്കുന്ന, ജീവന് വെല്ലുവിളിയുയർത്തുന്ന ഒട്ടനവധി സാഹചര്യങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ട്. ജീവന് തെല്ലും വില കല്പിക്കാത്ത സംസ്കാരമാണ് ഇന്ന് എല്ലായിടത്തും കാണപ്പെടുന്നത്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ ദ്രുതഗതിയിലുള്ള വളർച്ച ഒരു വശത്ത് നിൽക്കുമ്പോൾ, മറുവശത്ത് ലോകമെമ്പാടും അക്രമ വാസനയും ഭീകര പ്രവർത്തനങ്ങളും വർദ്ധിക്കുന്നു. ഇതിനിടയിൽ പൊലിഞ്ഞു പോകുന്ന മനുഷ്യ ജീവനുകളുടെ എണ്ണം നിർണ്ണയിക്കാനാവാത്തതാണ്. മരണസംസ്കാരം പ്രബലപ്പെട്ടിരിക്കുന്ന ഈ ആധുനിക ലോകത്തിൽ മരണസംസ്കാരത്തിന്റെ ഉല്പന്നങ്ങളായ ഭ്രൂണഹത്യ, വന്ധ്യകരണം, ദയാവധം, ആത്മഹത്യ, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയ്ക്കെതിരെ പ്രവർത്തിക്കുന്ന പ്രൊ-ലൈഫ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ വാക്കുകൾക്കതീതമാണ്. മാതൃകാപരവും പ്രചോദനപരവുമായ പ്രവർത്തനങ്ങളിലൂടെ കേരളസഭയിലെ പ്രൊ-ലൈഫ് പ്രസ്ഥാനത്തിന് മാതൃകയാകാൻ നമ്മുടെ രൂപതയിലെ പ്രൊ-ലൈഫ് മുന്നേറ്റത്തിന് കഴിഞ്ഞിട്ടുണ്ടെന്നതിൽ നമുക്കഭിമാനിക്കാം.

നമ്മുടെ രൂപതയിൽ ഒത്തിരിയേറെ പ്രവർത്തനങ്ങൾ പ്രൊ-ലൈഫ് പ്രസ്ഥാനം ചെയ്യുന്നുണ്ട്. വലിയ കുടുംബങ്ങളിലെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനുവേണ്ടി ആരംഭിച്ച സ്ഥിര നിക്ഷേപ പദ്ധതിയായ "ജീവൻ സുരക്ഷാ പദ്ധതി", ഹോസ്പിറ്റലുകളിൽ നൽകുന്ന ആനുകൂല്യങ്ങൾ, വിദ്യാഭ്യാസത്തിനായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നല്കുന്ന ഇളവുകൾ, വിശപ്പുരഹിത ഭവനങ്ങൾ എന്ന ലക്ഷ്യത്തോടെയാരംഭിച്ചിരിക്കുന്ന 'മന്ന പദ്ധതി' എന്നിവ എടുത്തുപറയേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരെ അഭിനന്ദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും പ്രൊ-ലൈഫ് പ്രവർത്തനങ്ങളിൽ പങ്കാളിയാകണം. നമ്മുടെ ഇടവകകളിൽ പ്രൊ-ലൈഫ് പ്രസ്ഥാനത്തിന്റെ ഒരു യൂണിറ്റുണ്ടാകണമെന്നും യുവജനങ്ങൾ അതിൽ പങ്കാളികളാകണമെന്നും ഞാൻ ആഗ്രഹിക്കുകയാണ്. 25 വയസ്സിന് മുമ്പ് തന്നെ മക്കളെ വിവാഹന്തസ്സിലേക്ക് പ്രവേശിപ്പിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം തന്നെ കൂടുതൽ മക്കളെ ദൈവത്തിന്റെ ദാനവും സമ്മാനവുമായി സ്വീകരിക്കുവാൻ യുവദമ്പതിമാരെ മാതാപിതാക്കൾ പ്രോത്സാഹിപ്പിക്കുകയും ഒരുക്കുകയും ചെയ്യണം.

മരിയൻ പ്രൊ-ലൈഫ് ജീവന്റെ സന്ദേശ വാഹകരാണ്. കുട്ടികളുടെ ഉപരി പഠനം, വിവാഹം, ചികിത്സ, ഭവന നിർമ്മാണം എന്നീ മേഖലകളിൽ സഹായിച്ച് ജീവന്റെ സംരക്ഷണത്തിനായി നിലനിൽക്കേണ്ടത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വവും കടമയുമാണ്. ഈ ലക്ഷ്യത്തിനായി മരിയൻ പ്രൊ-ലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന "ജിയന്ന പ്രൊ-ലൈഫ് ചാരിറ്റബിൾ ട്രസ്റ്റി"നു വേണ്ടുന്ന സാമ്പത്തിക സഹായവും എല്ലാവിധ സഹകരണവും നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. നിങ്ങൾ മറ്റുള്ളവർക്ക് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് എന്ന ഈശോയുടെ വചനം നമ്മെ ശക്തിപ്പെടുത്തട്ടെ. മംഗളവാർത്ത ദിനമായ മാർച്ച് 25 എല്ലാ ഇടവകകളിലും പ്രൊ-ലൈഫ് ദിനമായി ആചരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം സമ്മാനവും (സങ്കീ. 127:3) എന്ന സങ്കീർത്തകന്റെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. സഭയുടെയും സമൂഹത്തിന്റെയും സമ്പത്തും അനുഗ്രഹവുമാണ് ഓരോ ജീവനുമെന്ന് നമുക്കോർക്കാം. ജീവന്റെ സംരക്ഷണത്തിനായി നമുക്ക് നിലകൊള്ളാം. വഴിയും സത്യവും ജീവനുമായ മിശിഹാ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും അനുഗ്രഹിക്കട്ടെ. മംഗളവാർത്ത തിരുന്നാളിന്റെ ആശംസകൾ ഏറ്റവും സ്നേഹപൂർവ്വം നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

*സർക്കുലർ 02/2023*

# കുളത്തുവയൽ തീർത്ഥാടനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നോമ്പിലെ നാല്പ താം വെള്ളിയാഴ്ച നാം നടത്തുന്ന കുളത്തുവയൽ തീർത്ഥാടനത്തെ ക്കുറിച്ച് നിങ്ങളെ അറിയിക്കുന്നതിനാണ് ഞാനിതെഴുതുന്നത്. ഈ വർഷത്തെ കുളത്തുവയൽ തീർത്ഥാടനം, നാൽപതാം വെള്ളിയാഴ് ചയായ മാർച്ച് 31-ാം തിയ്യതി രാവിലെ 7 മണിക്ക് കുളത്തുവയലിൽ എത്തിച്ചേരത്തക്കവിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. മാർച്ച് 30-ാം തിയ്യതി രാത്രി 10 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നിന്ന് തീർത്ഥാടനം ആരംഭിക്കുന്നതാണ്. ഏകദേശം 35 കിലോമീറ്റർ ദൈർഘ്യമുള്ള ഈ യാത്രയിൽ കുരിശിന്റെ വഴിയും ജപമാലയും കരുണക്കൊന്തയും ചൊല്ലിക്കൊണ്ടാണ് നാം യാത്ര ചെയ്യുന്നത്. ലോകം മുഴുവനെയും പ്രത്യേകമായി പതിതരെയും പാർശ്വവൽക്ക രിക്കപ്പെട്ടവരെയും സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. ഈ വർഷത്തെ പ്രത്യേക നിയോഗമായി നമ്മുടെ കർഷകജനതയെ, അവർ നേരിടുന്ന എല്ലാ വിപരീത സാഹചര്യങ്ങ ളോടും വെല്ലുവിളികളോടുമൊപ്പം സമർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ട് ഈ തീർത്ഥാ ടനം നമുക്ക് നടത്താം. നടക്കാൻ ബുദ്ധിമുട്ടില്ലാത്ത, സാധിക്കുന്ന എല്ലാവരും ഈ യാത്രയിൽ അണിചേരാൻ ഞാൻ അഭ്യർത്ഥിക്കുന്നു. മുഴുവൻ ദൂരവും നടക്കുവാൻ സാധിക്കാത്തവർ തങ്ങൾക്ക് സാധിക്കുന്ന ദൂരത്തിൽ ഈ തീർത്ഥാടന ത്തിന്റെ ഭാഗമാകുന്നത് വലിയ അനുഗ്രഹത്തിന് കാരണമാകും. കണ്ണൂർ രൂപതയുടെ മെത്രാൻ അഭിവന്ദ്യ അലക്സ് വടക്കുംതല പിതാ വാണ് സമാപന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്.

നോമ്പിന്റെ ചൈതന്യത്തിൽ നമ്മെ കൂടുതൽ ആഴപ്പെടുത്തുന്ന ഭക്തകൃത്യമാണല്ലോ കുരിശിന്റെ വഴി. ഗാഗുൽത്തായിലേക്കുള്ള വഴിയിലെ ഈശോയുടെ ക്ലേശകരമായ യാത്രയെ പ്രാർത്ഥനാപൂർവ്വം അനുസ്മരിച്ചുകൊണ്ട് നമ്മൾ നടത്തുന്ന കുരിശിന്റെ വഴി ജീവിത നവീകരണത്തിന് ആഹ്വാനം ചെയ്യുന്നതാണ്. കുരിശിന്റെ വഴിയിലെ പ്രാർത്ഥനകളും ഗീതങ്ങളും എത്രയോ മനോഹരമാണ്. നമ്മുടെ പാപ ങ്ങൾക്കു വേണ്ടിയാണ് അവൻ കുരിശ് ചുമന്നതെന്നും അവന്റെ ഓരോ മുറിവും എന്റെ പാപങ്ങളുടെ ഫലമാണെന്നുമുള്ള തിരിച്ചറിവ് ഭക്തിപൂർവ്വം കുരിശിന്റ വഴി ചൊല്ലി നമ്മുടെ പാപങ്ങൾക്ക് പൊറുതി അപേക്ഷിക്കുന്നതിന് നമ്മെ സഹായിക്കും. വി. ആഗസ്തീനോസ് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ "ക്രിസ്തുവിന്റെ ഓരോ മുറിവും എന്റെ പാപങ്ങളുടെ പരിഹാരത്തിനുവേണ്ടി ദൈവത്തിന്റെ മുമ്പിൽ

വാദിക്കുന്ന അധരങ്ങളാണ്". "നമ്മുടെ വേദനകളാണ് യഥാർത്ഥ ത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. നമ്മുടെ അതിക്രമ ങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു (ഏശയ്യ 53:4-5). എന്ന പ്രവാചകന്റെ ഏറ്റുപറച്ചിലാകണം ഓരോ വിശ്വാസിയു ടെയും ഹൃദയത്തിൽ നിറഞ്ഞു നിൽക്കേണ്ടത്.

പ്രാർത്ഥനയും ഉപവാസവും വഴി നോമ്പിന്റെ ചൈതന്യത്തി ലൂടെ നാം ഉത്ഥിതനായ ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഒരുങ്ങുക യാണല്ലോ. ഈശോയുടെ പീഡാസഹനവും മരണവും സംസ്കാര വും ഉത്ഥാനവും ഉൾച്ചേർന്ന ക്രിസ്തു സംഭവങ്ങളിലൂടെ തീർത്ഥാട നം ചെയ്യുന്ന ഈ കാലം തീഷ്ണമായ പ്രാർത്ഥനയും പ്രായശ്ചിത്ത വും ഉപവാസവും വഴി വിശ്വാസ ജീവിതം ശക്തിപ്പെടുത്തുന്നതിന് നമ്മെ സഹായിക്കുന്ന വിശുദ്ധ സമയമാണ്.

നമുക്കുവേണ്ടി സഹിച്ച ഈശോയെപ്പോലെ ത്യാഗം സഹിച്ച് അവിടുത്തെ കുരിശിന്റെ വഴിയിലൂടെ സഞ്ചരിക്കുവാനും പാപപരി ഹാരം നടത്തുവാനും അവന്റെ തിരുമുറിവുകളെ ധ്യാനിക്കുവാനുമുള്ള അവസരമാണ് കുളത്തുവയൽ തീർത്ഥാടനത്തിലൂടെ നമുക്ക് ലഭിക്കു ന്നത്. ഈ തീർത്ഥാടനം വിശ്വാസികളുടെ പങ്കാളിത്തം കൊണ്ടും പ്രാർത്ഥനകൊണ്ടും സഹകരണം കൊണ്ടും വലിയ ഒരു ആത്മീയ അനുഭവമാണ്. പങ്കെടുത്ത ആയിരക്കണക്കിന് ആളുകൾക്ക് പ്രാർത്ഥ നയുടെയും ദൈവസാന്നി ധ്യത്തിന്റെയും വലിയ അനുഭവമായി ഈ തീർത്ഥാടനം മാറുകയുണ്ടായി.

രൂപത മുഴുവനുവേണ്ടിയും ഈ തീർത്ഥാടനത്തിനു വേണ്ടിയും അതിൽ പങ്കെടുക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവാനുഗ്രഹപ്രദമായ ഒരു വലിയ ആഴ്ചയും ഉയിർപ്പുതിരുന്നാളും ഏവർക്കും ആശംസിച്ചുകൊണ്ട്

മിശിഹായിൽ സ്നേഹപൂർവ്വം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*സർക്കുലർ 03/2023*

# യേശുനിധി 2023

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

"കർത്താവ് എന്റെ ശക്തിയും പരിചയുമാണ്. കർത്താവിൽ എന്റെ ഹൃദയം ശരണം വെയ്ക്കുന്നു. അതുകൊണ്ട് എനിക്ക് സഹായം ലഭിക്കുന്നു. എന്റെ ഹൃദയം ആനന്ദിക്കുന്നു. ഞാൻ കീർത്തനമാല പിച്ച് അവിടുത്തോട് നന്ദി പറയുന്നു" (സങ്കീ. 28:7). യേശുക്രിസ്തു വിന്റെ പീഡാസഹനത്തിന്റെയും കുരിശു മരണത്തിന്റെയും ഉത്ഥാന ത്തിന്റെയും ഓർമ്മകളിലേയ്ക്ക് നാം കടന്നു പോവുകയാണല്ലോ. അനുതപിച്ച് പാപമോചനം നേടുവാനും യേശുവിനോട് ഒന്നുകൂടി ചേർന്ന് നിൽക്കുവാനും, ഉയർപ്പിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കുവാനുമുള്ള ദൈവിക ആഹ്വാനമാണ് ഈ നോമ്പുകാലം. നിങ്ങൾക്കറിയാവുന്നതു പോലെ താമരശ്ശേരി രൂപതയിലെ ഏറ്റവും വലിയ കാരുണ്യനിധിയായ യേശുനിധി ആരംഭിച്ചിട്ട് 27 വർഷങ്ങൾ പിന്നിടുകയാണ്. 'രൂപതയിൽ നാം ഒരു കുടുംബം' എന്ന സാഹോദര്യ ദർശനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷവും യേശുനിധി സമാഹരണത്തിനായി ഞാൻ നിങ്ങൾക്ക് എഴുതുന്നത്. മനുഷ്യകുല ത്തിന്റെ രക്ഷയ്ക്കായി മനുഷ്യനായി അവതരിക്കുകയും, മാനുഷിക ജീവിതാനുഭവങ്ങളെ പിതാവുമായുള്ള സ്നേഹബന്ധത്തിൽ രക്ഷാകരമാക്കുകയും ചെയ്ത ഈശോയോടുള്ള വ്യക്തിപരമായ സ്നേഹബന്ധം ആണ് ഓരോ ക്രൈസ്തവന്റെയും ജീവിതത്തിന്റെ അടിസ്ഥാനശില. യേശുക്രിസ്തു വഴി പിതാവായ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞാൽ നാമോരോരുത്തരും യേശുവിനെ പ്പോലെ "സ്നേഹിതനുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരി ക്കുന്നു." (യോഹ. 10:11). വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ സുവി ശേഷ പ്രഘോഷണത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "ഒരു ദരിദ്രന് എപ്രകാരമാണ് അപ്പം കിട്ടിയത് എന്ന് മറ്റൊരു ദരിദ്രനോടു പറഞ്ഞു കൊടുക്കുന്ന രീതിയിലാവണം സുവിശേഷം നാം പ്രഘോ ഷിക്കേണ്ടത്. ദരിദ്രൻ എത്ര തീഷ്ണതയോടെയായിരിക്കും തനിക്ക് അപ്പം കിട്ടിയതെന്ന് മറ്റൊരു ദരിദ്രനോടു പറയുന്നത്. സാഹോദര്യത്തിന്റെ നേർക്കാഴ്ചയാണ് യേശുനിധി. വിവാഹം, ചികിത്സ, ഭവന നിർമ്മാണം, വിദ്യാഭ്യാസം എന്നീ മേഖലകൾക്കു പുറമേ, അത്യാവശ്യ ഘട്ടങ്ങളിൽ അനേകം കുടുംബങ്ങൾക്കും വ്യക്തികൾക്കും യേശു നിധി, കാരുണ്യവും കരുതലുമായി എന്ന വസ്തുത നിങ്ങളുമായി പങ്കുവെയ്ക്കു ന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ദരിദ്രരോടും അവഗണിക്കപ്പെടുന്നവരോടും കരുണ കാണിക്കുമ്പോൾ നാം അനുഗ്രഹീതരാകും എന്ന് സങ്കീർത്തന വചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "ദരിദ്രരോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ; കഷ്ടതയുടെ നാളുകളിൽ അവനെ

കർത്താവ് രക്ഷിക്കും, കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗ്രഹീതനായിരിക്കും, അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല; അവിടുന്ന് അവന് രോഗശാന്തി നൽകും. (സങ്കീ. 41:1–3). ദാരിദ്ര്യമനുഭവിക്കുന്ന വലിയൊരു സമൂഹം എന്നും ദരിദ്ര രായിത്തന്നെ കഴിയുന്ന അവസ്ഥ ഇന്നും നിലനിൽ ക്കുന്നു എന്നത് ദുഃഖകര മായ സത്യമാണ്.

കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ ചെയ്ത ഉദാരമായ സഹകരണമാണ് യേശു നിധിയെ രൂപതയിലെ ഏറ്റവും വലിയ ജീവകാരുണ്യ ഫണ്ടായി മാറ്റിയിരിക്കു ന്നതെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. ബഹു. വികാരിയച്ചന്മാരു ടെയും സന്യസ്തരുടെയും അകമഴിഞ്ഞ സഹായവും രൂപതയുടെ അകത്തും പുറത്തുമായി കഴിയുന്ന രൂപതാംഗങ്ങളുടെ സന്മനസ്സും സഹകരണവുമാണ് യേശുനിധിയെന്ന കാരുണ്യത്തിന്റെ കരുതലിനെ ഏറ്റവും നന്നായി മുന്നോട്ട് കൊണ്ടുപോകുവാൻ സഹായിക്കുന്നത്. മുൻ വർഷത്തെ നീക്കിയിരുപ്പായ 13,69,345 രൂപയോടൊപ്പം 2021 – 2022 വർഷത്തിൽ നമ്മുടെ ഇടവകകളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽ നിന്നുമായി 54,67,845 രൂപയും സഹായമായി ലഭിച്ചു. യേശുനിധി യിൽ നിന്ന് കഴിഞ്ഞ വർഷം 440 കുടുംബങ്ങൾക്ക് 59,74,000 രൂപയുടെ സഹായം നൽകുവാൻ സാധിച്ചു. വിദ്യാഭ്യാസ സഹായമായി 83 പേർക്ക് 10,98,000 രൂപയും, ഭവനനിർമ്മാണ സഹായമായി 97 പേർക്ക് 14,86,000 രൂപയും, വിവാഹ സഹായ മായി 30 പേർക്ക് 5,80,000 രൂപയും, ചികിത്സാ സഹായമായി 225 പേർക്ക് 27,39,000 രൂപയും, മറ്റിനങ്ങളിൽ 5 പേർക്കായി 71,000 രൂപയും നമുക്ക് നൽകാനായി എന്നത് വലിയ അനുഗ്രഹമാണ്. ഈ വർഷത്തെ യേശുനിധി സമാഹരണത്തിലും നിങ്ങ ളുടെ ഓരോരുത്തരുടെയും ഉദാരമായ സഹകരണം രൂപതയിലെ സഹായമർഹി ക്കുന്നവർക്ക് വേണ്ടി ഞാനഭ്യർത്ഥിക്കുന്നു. ജോബിന്റെ പുസ്തകത്തിൽ ജോബ് അഭിമാനത്തോടെ പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ്. "പാവങ്ങൾ ആഗ്രഹിക്കു ന്നതെന്തെങ്കിലും ഞാൻ മുടക്കിയിട്ടുണ്ടെങ്കിൽ, വിധവയുടെ കണ്ണുകൾ ഞാൻ അന്ധമാക്കിയിട്ടുണ്ടെങ്കിൽ, എന്റെ ആഹാരം ഞാൻ തനിയേ ഭക്ഷിക്കുകയും, അനാഥർക്ക് അതിന്റെ ഓഹരി ലഭിക്കാതെയിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, വസ്ത്രമില്ലാതെയോ പുതപ്പില്ലാതെയോ ആരെങ്കിലും നശിക്കുന്നത് ഞാൻ കണ്ടി ട്ടുണ്ടെങ്കിൽ എന്റെ തോളിൽ നിന്ന് തോൾപ്പലക വിട്ടുപോകട്ടെ. എന്റെ കരം അതിന്റെ കുഴിയിൽ നിന്ന് വേർപെട്ടു പോകട്ടെ. (ജോബ് 31:16–22). പതിതരോടും പാവപ്പെട്ടവരോടും കരുണ കാണിക്കുവാനുള്ള ആഹ്വാനമാണ് ജോബിന്റെ പുസ്ത കത്തിലൂടെ ദൈവം നമ്മുടെ മുന്നിൽ വയ്ക്കുന്നത്. എല്ലാവരുടേയും ആവശ്യ ങ്ങൾ പൂർണ്ണമായി നിറവേറ്റാൻ നമുക്ക് സാധിക്കില്ലെങ്കിലും സഹായമർഹിക്കുന്ന കുടുംബങ്ങളുടെയും വ്യക്തികളുടെയും ആവശ്യങ്ങളിൽ തെല്ലോരാശ്വാസം പക രാൻ യേശുനിധിക്ക് കഴിയുന്നുണ്ട് എന്നത് നമുക്ക് സംതൃപ്തി നൽകുന്നു.

ഈ വർഷവും ഓശാന ഞായറാഴ്ച വി. കുർബ്ബാന മധ്യേയാണ് യേശുനി ധിയിലേക്കുള്ള സംഭാവനകൾ സ്തോത്രക്കാഴ്ചയായി നൽകേണ്ടത്. ഇതിനാ

വശ്യമായ കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്നതായിരിക്കും. സഹായം അർഹിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി ഏറ്റവും കുറഞ്ഞത് നിങ്ങളുടെ കുടുംബത്തിന്റെ ഒരു ദിവസത്തെ വരുമാനമെങ്കിലും നൽകണമെന്ന് പാവപ്പെട്ടവർക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു. ദൈവം കൂടുതൽ തന്നിട്ടുള്ള വർ അതിനനുസരിച്ച് ഉദാരത കാണിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. നമ്മൾ നൽകുന്ന ഏറ്റവും ചെറിയ തുക പോലും അനേകരുടെ ജീവിതത്തിന് പ്രത്യാശ നൽകുവാൻ ഉപകരിക്കും എന്ന് ഓർമ്മിക്കുമല്ലോ. ഈ വലിയ കാരുണ്യ പ്രവൃത്തിയിൽ വലിയ ഹൃദയ വിശാലതയോടെ നമുക്ക് പങ്കുചേരാം. 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ നൽകിയപ്പോഴെല്ലാം അത് എനിക്ക് തന്നെയാണ് ചെയ്തത്' എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ.

നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹപ്രദമായ വിശുദ്ധവാരവും സന്തോഷകരമായ ഉയിർപ്പുതിരുന്നാളും ആശംസിക്കുന്നു. നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+Remigiose

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ



# കച്ചേരിക്കാര്യം

## 1. New appointments

Syro Malabar Altar server's Regional association Diocese of Thamarassery (SMART)

### Regional Directors

| | | |
|---|---|---|
| Fr. Jacob Koyipurath | : | Koorachundu |
| Fr. Joseph Puthenpurackal | : | Thiruvambady |
| Fr. Joseph Vilangupara | : | Kodanchery |
| Fr. Joseph Edakattil | : | Thottumukkom |
| Fr. Mathew Thekkekaramattathil | : | Paroppady |

## 2. മെത്രാഭിഷേകദിനം

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം ഏപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 13 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുകയും പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഇടവകജനങ്ങളെ ഇക്കാര്യം അറിയിക്കുകയും അന്നേദിവസം പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

## 3. ദുഃഖവെള്ളി പിരിവ്

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്നതിനാൽ, എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## 4. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2023 ഏപ്രിൽ 3-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് ആരംഭിച്ച് 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി.യിലാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. പെൺകുട്ടികൾക്ക് ഈ വർഷം ദൈവവിളി ക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല. താൽപ്പര്യമുള്ള ആൺകുട്ടികളെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 5. രൂപതാദിനം 2023

2023 ഏപ്രിൽ 28-ാം തീയതി നമ്മുടെ രൂപതാസ്ഥാപനദിനമാ ണല്ലോ. അന്നേദിവസം പള്ളികളിൽ രൂപതാദിനം ആചരിക്കുകയും വി. കുർബാനയർപ്പിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. ഈ വർഷത്തെ രൂപതാദിനം കോടഞ്ചേരി ഇടവകയിൽ വച്ചാണ് നടക്കുന്നത്. AOCC-യുടെ നേതൃത്വത്തിലാണ് രൂപതാദിനാഘോഷ പരിപാടികൾ ക്രമീകരി ച്ചിരിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ രാവിലെ 9.30ന് കോട ഞ്ചേരി ഫൊറോന ദൈവാലയ ത്തിൽ കൃതജ്ഞതാ ബലിയർപ്പിക്കുന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെ ആദരിക്കുന്നതാണ്. ഇടവകയിൽ ആദരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ അവരുടെ പേരുകൾ ഏപ്രിൽ 10 ന് മുമ്പായി ബഹു. സെക്രട്ടറി അച്ചനെ അറിയിക്കേണ്ടതാണ്.

### 6. യേശുനിധി

യേശുനിധിലേയ്ക്ക് സമാഹരിച്ച തുകകൾ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം. മെയ് മാസം മുതൽ പുതിയ അപേക്ഷകൾ യേശുനിധിയിലേക്ക് സ്വീകരിക്കുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുമ്പോൾ അവരുടെ അക്കൗണ്ട് നമ്പറും പാസ് ബുക്കിന്റെ കോപ്പിയും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Account detail*

| | | |
|---|---|---|
| Account Name | : | YESUNIDHI |
| A/c No. | : | 0428053000000270 |
| Branch | : | Thamarassery |
| IFSC | : | SIBL0000428 |

### 7. വൈദികരുടെ സ്ഥലമാറ്റം

രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2023 മെയ് 13 ശനിയാഴ്ചയാണ്. മെയ് 14 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്വമേൽക്കേ ണ്ടതാണ്.

### 8. വാർഷികധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം 2023 ജൂലൈ 9 മുതൽ 14 വരെ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് വിൻസെൻഷ്യൻ സന്യാസസമൂഹാംഗം ബഹു. ഫാ. ആന്റണി പറ ങ്കിമാലിൽ വി.സി. ആണ്. ജൂലൈ മാസത്തിലെ പരിപാടികൾ അതിനനുസരിച്ച് ക്രമീകരിക്കു മല്ലോ. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ

അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാകാര്യലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപതാകാര്യലയത്തെ അറിയിക്കേണ്ടതുമാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമ്മിക്കുമല്ലോ.

### 9. രൂപതാവിഹിതം (7.5%)

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കേണ്ട താണ്. രൂപതാവിഹിതം ഫൊറോനകേന്ദ്രങ്ങളിൽ വച്ച് താഴെപ്പറയുന്ന തീയതികളിൽ സ്വീകരിക്കുന്നതാണ്.

| | | | | |
|---|---|---|---|---|
| മെയ് 1 | - | 3.00 pm | - | കരുവാരകുണ്ട് |
| മെയ് 2 | - | 9.30 am | - | പെരിന്തൽമണ്ണ |
| | | 3.00 pm | - | മലപ്പുറം |
| മെയ് 3 | - | 9.30 am | - | തിരുവമ്പാടി |
| | | 3.00 pm | - | തോട്ടുമുക്കം |
| മെയ് 4 | - | 10.00 am | - | മരുതോങ്കര, വിലങ്ങാട് |
| | | 3.00 pm | - | കൂരാച്ചുണ്ട് |
| മെയ് 5 | - | 10.00 am | - | പാറോപ്പടി |
| | | 3.00 pm | - | താമരശ്ശേരി |
| മെയ് 6 | - | 10.00 am | - | കോടഞ്ചേരി |

### 10. പൊതുയോഗം & കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്

2023 ഏപ്രിൽ മാസത്തിൽ നിയമപരമായി പൊതുയോഗം വിളിച്ചുകൂട്ടി ആണ്ടുതിരട്ട് പാസാക്കുകയും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരിൽ ഒരാൾ 25 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ നിന്നും ആയിരിക്കുന്നത് അഭികാമ്യമാണ്. പുതിയ കൈക്കാരന്മാർ മെയ് 7-ാം തീയതി വി. കുർബാനമദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കേണ്ടതാണ്.

### 11. ആദരാഞ്ജലികൾ

ബഹു. ജോസഫ് കിളിയംപറമ്പിലച്ചന്റെ പിതാവ് **ഫിലിപ്പ് (റെജി) കിളിയംപറമ്പിൽ (54)** 2023 മാർച്ച് 10 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മാലാപറമ്പ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടും


ബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസഫച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സി.എം.സി. സന്ന്യാസിനി സമൂഹത്തിലെ അംഗം **സി. ലിവീന റോസ് CMC (59)** 2023 മാർച്ച് 18-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 19 -ാം തീയതി തിരുവമ്പാടി ഇടവക ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സി.എം.സി. സമൂഹാംഗങ്ങളോട് രൂപതയുടെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 12. സ്മരണാഞ്ജലി

| | | |
|---|---|---|
| 02-04-1990 | - | റവ. ഫാ. സേവ്യർ കണിയാന്തറ |
| **04-04-2006** | **-** | **മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 10-04-1977 | - | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20-04-1972 | - | റവ. ഫാ. മാത്യു പാലമറ്റം |
| **20-04-2012** | **-** | **മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 29-04-1997 | - | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29-04-1968 | - | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29-04-1999 | - | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# രൂപതാദിനം 2023

ഏപ്രിൽ 28 ന് കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ദൈവാലയങ്കണത്തിൽ വച്ച് നടക്കുന്ന 37-ാമത് രൂപതാദിനാഘോഷങ്ങൾ രൂപതയുടെ കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും അവസരമാക്കുവാനുള്ള ക്രമീകരണകൾ ആരംഭിച്ചു. പെരിയ ബഹു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചന്റെ അദ്ധ്യക്ഷതയിൽ കോടഞ്ചേരി സെന്റ് മേരീസ് ഇടവകയിൽ, ഫൊറോനയിലെ വൈദികരുടെയും രൂപതയിലെ സംഘടന ഡയറക്ടേഴ്സും പ്രതിനിധികളും കോടഞ്ചേരി ഇടവകയിലെ പാരിഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ ഒരുമിച്ച് ചേർന്ന് വിവിധ കമ്മിറ്റികൾ രൂപീകരിച്ച് രൂപതാദിനത്തിന്റെ പ്രാഥമികമായ തയ്യാറെടുപ്പുകൾക്ക് രൂപം നൽകി.


## രൂപതാദിന പരിപാടികൾ

| | | |
|---|---|---|
| 09.00 a.m. | : | **പതാക ഉയർത്തൽ** |
| | | **രൂപതാദിന കൃതജ്ഞതാബലി** |
| | | കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ |
| കാർമ്മികർ | : | **അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| | | **അഭിവന്ദ്യ മാർ വർഗീസ് ചക്കാലയ്ക്കൽ** |
| 10.45 a.m. | : | **പ്രതിനിധി സമ്മേളനങ്ങൾ** |
| **വേദി 1** | : | **പാരിഷ് ഹാൾ കോടഞ്ചേരി** |
| ഗ്രൂപ്പ് | : | ബഹു. വൈദികരും, സിസ്റ്റർ സുപ്പീരിയർമാരും |
| ക്ലാസ്സ് | : | **മാർ വർഗീസ് ചക്കാലയ്ക്കൽ** |
| | | കോഴിക്കോട് രൂപതാദ്ധ്യക്ഷൻ |
| **വേദി 2** | : | **ഓപ്പൺ ഓഡിറ്റോറിയം, കോടഞ്ചേരി ഗ്രൗണ്ട്** |
| ഗ്രൂപ്പ് | : | ഇടവകകളിൽ നിന്നുള്ള സംഘടന പ്രതിനിധികൾ |
| ക്ലാസ്സ് | : | ഫാ. ജോസഫ് കടുപ്പിൽ |
| | | പ്രൊഫസർ, പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ സെമിനാരി |
| **വേദി 3** | : | **ഹൈസ്കൂൾ ഓഡിറ്റോറിയം** |
| ഗ്രൂപ്പ് | : | യുവജനങ്ങൾ |

| | | |
|---|---|---|
| **വേദി 4** | : | **എൽ.പി. സ്കൂൾ ഓഡിറ്റോറിയം** |
| ഗ്രൂപ്പ് | : | മിഷൻലീഗ് അംഗങ്ങൾ |
| ക്ലാസ്സ് | : | ശ്രീ. തോമസ് കല്ലറയ്ക്കൽ |
| 12.00 noon | : | **രൂപതാദിന പൊതുസമ്മേളനം** |
| അദ്ധ്യക്ഷൻ | : | **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| ഉദ്ഘാടകൻ | : | **മാർ അലക്സ് താരമംഗലം** |
| | | ആശംസകൾ, ആദരിക്കൽ |
| 01.30 p.m. | : | ഉച്ചഭക്ഷണം |

## ആദരിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കൽ

രൂപതാദിനത്തോടനുബന്ധിച്ച് നടത്തുന്ന പൊതുസമ്മേളനത്തിൽ ആദരിക്കേണ്ടവരുടെ ലിസ്റ്റ് എത്രയുംവേഗം രൂപതാകേന്ദ്ര ത്തിൽ അറിയിക്കേണ്ടതാണ്. വിവാഹ, സമർപ്പിത ജീവിതരംഗങ്ങളിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ, വിവിധ സേവനരംഗങ്ങളിൽ മികവ് പുലർത്തുന്നവർ എന്നിവരെയാണ് ആദരിക്കുന്നത്. ആദരിക്കേണ്ടവരുടെ പേരുവിവരങ്ങൾ ഏപ്രിൽ 15 ന് മുമ്പ് ബഹു. സെക്രട്ടറി അച്ചനെ അറിയിക്കേണ്ടതാണ്.



# സ്നേഹസ്മരണയ്ക്ക്



# വിശ്വാസപരിശീലനം

"കർത്താവിനു യോജിച്ചതും അവിടുത്തേക്കു തികച്ചും പ്രീതിജനകവുമായ ജീവിതം നയിക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. അതുവഴി നിങ്ങളുടെ എല്ലാ നല്ല പ്രവൃത്തികളും ഫലദായകമാവുകയും ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്താൽ നിങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്യും" (കൊളോസോസ് 1:10)

## വിശ്വാസോത്സവ പഠനശിബിരം (രൂപതാതലം)

മാർച്ച് 04 ശനിയാഴ്ച താമരശ്ശേരി ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 12.30 വരെ രൂപതാതല വിശ്വാസോത്സവ പഠനശി ബിരം നടത്തുകയുണ്ടായി. ഈശ്വര പ്രാർഥന യോടെ ആരംഭിച്ച സമ്മേളന ത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ഷാജി കണ്ടത്തിൽ സ്വാഗതം ആശംസിച്ചു. മതബോധന ഡയറക്ടർ ആമുഖ സന്ദേശം നൽകി. തുടർന്ന് അഭിവന്ദ്യ റെമീജി യോസ് ഇഞ്ചനാനിയിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. മോൺ ജോൺ ഒറവുങ്കര അനുഗ്രഹപ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപതാ മതബോ ധന ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളി സന്ദേശം നൽകി. തുടർന്ന് തലശ്ശേരി അതിരൂപതാ മതബോധന ഡയറക്ടറുടെ നേതൃത്വത്തിൽ വന്ന അഞ്ച് അംഗ ടീം അധ്യാപകർക്ക് ട്രയിനിംഗ് നൽകി. പത്ത് വൈദികരടക്കം 51 അംഗ ങ്ങൾ പ്രോഗ്രാമിൽ സംബന്ധിച്ചു. ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിച്ചു.

## വിശ്വാസോത്സവ പഠനശിബിരം (മേഖലാതലം)

മാർച്ച് 04 ശനിയാഴ്ച രൂപതാതലത്തിൽ പരിശീലനം നേടിയ മേഖലാ ടീം അംഗങ്ങൾ മാർച്ച് 11 ശനിയാഴ്ച അതാത് മേഖലകളിൽ പഠനശിബിരം നടത്തി. എല്ലാ മേഖലകളിലും അധ്യാപകരുടെ സജീവ സഹകരണം ഉണ്ടായിരുന്നു. നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികർക്കും ടീമംഗങ്ങൾക്കും പ്രത്യേകം നന്ദി.

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള പതിനേഴാമത്തെ ക്ലാസ് മാർച്ച് 05-നും (ഞായർ) പതിനെട്ടാമത്തെ ക്ലാസ് മാർച്ച് 19-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. 'മര ണാനന്തര ജീവിതം' എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ (അൽഫോൻസാ സെമിനാരി, താമരശ്ശേരി) 'സ്വർഗവും നരകവും നിത്യമാണ്' എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. തോമസ് പുതിയാപറമ്പിൽ (വികാരി, മുക്കം ഇടവക) എന്നിവർ ക്ലാസെടുത്തു.

## 2022-2023 ACC 13 (ഓൺലൈൻ പരീക്ഷയെ സംബന്ധിച്ച പൊതു നിർദേശങ്ങൾ)

- 2022 ജൂലൈ 3 ന് ആരംഭിച്ച ACC 13 ഓൺലൈൻ കോഴ്സിന്റെ പരീക്ഷ 2023 മെയ് 21 ഞായറാഴ്ച്ച, 8:45 PM മുതൽ 9:15 PM വരെ ആയിരിക്കും.
- ഓൺലൈൻ പരീക്ഷ ആയിരിക്കും (ഗൂഗിൾ ഫോം വഴി)
- പരീക്ഷയ്ക്ക് ആകെ 30 ചോദ്യങ്ങൾ ആയിരിക്കും (Objective type)
- തന്നിരിക്കുന്ന PDF ഫയലിലുള്ള ചോദ്യോത്തരങ്ങളിൽ നിന്ന് 22 ചോദ്യങ്ങളും ബാക്കി 8 ചോദ്യങ്ങൾ സഭാസംബന്ധമായ പൊതു ചോദ്യങ്ങളും ആയിരിക്കും. (PDF ഫയലിലുള്ള ചോദ്യോത്തരങ്ങൾ ഈ വർഷത്തെ 18 പഠന വിഷയങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ്)
- ACC 13, 2022 ബാച്ച് രൂപതാതല പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് RS 5000/-, RS 3500/-, RS 2000 - എന്നീ ക്രമപ്രകാരം ക്യാഷ് അവാർഡുകളും, മെമെന്റോയും നൽകുന്നതാണ്.
- 2022 ACC കോഴ്സിൽ രജിസ്റ്റർ ചെയ്ത രൂപതയിലെ എല്ലാ കുട്ടികളും ഈ പരീക്ഷയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
- ഈ ഓൺലൈൻ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ചവർക്ക് മാത്രമാണ് ACC 14-ലേക്ക് പ്രവേശനം ഉള്ളത്. (PASS MARK 12/30)
- മൂന്നുവർഷത്തെ ACC കോഴ്സ് പൂർത്തിയാക്കുമ്പോൾ (ACC 13,14,15) കോഴ്സ് പൂർത്തിയാക്കിയ എല്ലാവർക്കും രൂപതതല സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഈ സർട്ടിഫിക്കറ്റുകൾ ഇടവക, രൂപത, സഭാതല, സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനങ്ങളിലും, സഭാ സംബന്ധമായ മറ്റു കാര്യങ്ങളിലും പ്രാധാന്യമുള്ളതായിരിക്കും.

## ASPCT പരീക്ഷ രൂപതാതലം (തിയതി മാറ്റം)

ഇടവകയിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിച്ച അധ്യാപകർക്കുള്ള രൂപതാതല പരീക്ഷ ഏപ്രിൽ 11 ചൊവ്വാഴ്ച 8.30 മുതൽ 8.45 വരെ ഗൂഗിൾ ഫോം വഴി നടത്തുന്നതാണ്. രൂപതാതല പരീക്ഷയ്ക്കുള്ള പഠനഭാഗം പേജ് 190-254/ 255-334 വരെയായിരിക്കും. ആദ്യത്തെ പരീക്ഷയിൽ ഉൾപ്പെടുത്തിയ പേജ് 225-334 വരെയുള്ള ഭാഗത്തുനിന്ന് നേരത്തെ നൽകിയ ചോദ്യാവലിയിൽ നിന്നു മാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളു. രൂപതാതല പരീക്ഷയും 30 മാർക്കിലായിരിക്കും. എട്ടു ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നും ആയിരിക്കും.

## വിശ്വാസോത്സവം

ഈ അധ്യയനവർഷത്തെ (2022-2023) വിശ്വാസോത്സവം ഈസ്റ്ററിനുശേഷം വരുന്ന ചൊവ്വ, ബുധൻ, വ്യാഴം (ഏപ്രിൽ 11, 12, 13) ദിവസങ്ങളിൽ ആയിരിക്കും.

വിശ്വാസോത്സവ ഗ്രൂപ്പുകൾ (ഗ്രൂപ്പ് 1: ക്ലാസ് I, ഗ്രൂപ്പ് 2: ക്ലാസ് II, III, ഗ്രൂപ്പ് 3: ക്ലാസ് IV, ഗ്രൂപ്പ് 4: ക്ലാസ് V, VI, ഗ്രൂപ്പ് 5: ക്ലാസ് VII, VIII, ഗ്രൂപ്പ് 6: ക്ലാസ് IX, X)

ഓരോ ദിവസവും 6 മണിക്കൂർ വിശ്വാസോത്സവം നടത്തേണ്ടതാണ്. സമയക്രമീകരണം ഓരോ ഇടവകയുടെയും സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനിക്കാവുന്നതാണ്.

### ടാലന്റ് ഫെസ്റ്റ്

13-ാം ക്ലാസിൽ നേതൃത്വനിരയിലുള്ള കുട്ടികൾക്കായുള്ള സംഗമം 2023 ഏപ്രിൽ 14 വെള്ളിയാഴ്ച ചേവായൂർ പ്രസന്റേഷൻ ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 4.30 വരെ നടത്തുന്നു. ഓരോ ഇടവകയിലും 13-ാം ക്ലാസിൽ നേതൃത്വ വാസനയുള്ള കുട്ടികളെ കണ്ടെത്തി പ്രോഗ്രാമിൽ പങ്കെടുപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രജിസ് ട്രേഷൻ ഫീസ് 150/- രൂപ.

### വാർഷിക പരീക്ഷ

2022-2023 അധ്യയനവർഷത്തെ വാർഷിക പരീക്ഷ 2023 ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും നടത്തുന്നതാണ്. രൂപതാ മതബോ ധന കമ്മിറ്റിയുടെ നിർദേശാനുസരണം ഈ വർഷം മുതൽ മൂന്നാം ക്ലാസിൽ എഴുത്തു പരീക്ഷയായിരിക്കും. ഉത്തരങ്ങൾ ചോദ്യപേപ്പറിൽ എഴുതുന്ന രീതിയിലായിരിക്കും പരീക്ഷ നടത്തുന്നത്.

### സേ പരീക്ഷ

പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികൾക്കും പരീക്ഷ എഴുതാത്ത കുട്ടികൾക്കും റീ എക്സാമിനേഷൻ അതാത് ഇടവകകളിൽ ചോദ്യപേപ്പർ തയ്യാറാക്കി നടത്തേണ്ടതാണ്.

### സ്കോളർഷിപ്പ് പരീക്ഷ (തീയതി മാറ്റം)

2022-2023 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ 2023 ഏപ്രിൽ 29 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ 11 മണി വരെ മേഖലാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഉത്തരപേപ്പറുകളുടെ മൂല്യനിർണയം അന്നുതന്നെ നടത്തി, 4, 7, 10 ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച രണ്ട് ഉത്തരക്കടലാസുകൾ മെയ് 1 തിങ്കളാഴ്ച രൂപതാ മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

### പ്രതിഭാസംഗമം - 7-ാം ക്ലാസ്

ഈ അധ്യയന വർഷത്തിലെ ഏഴാം ക്ലാസിലെ കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം 2023 ഏപ്രിൽ 21, 22, 23 തിയതികളിൽ (വെള്ളി, ശനി, ഞായർ) മേരിക്കുന്ന് പി. എം. ഒ. സിയിൽ വച്ച് നടക്കുന്നതാണ്. ഏപ്രിൽ 21 വെള്ളിയാഴ്ച

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് ഏപ്രിൽ 23 ഞായറാഴ്ച രാവിലെ 10.30-ന് സംഗമം അവസാനിക്കുന്നതാണ്. ഇതിനു മുൻപായി മേഖലകളിൽ സംഗമം നടത്തി രണ്ട് ആൺകുട്ടികളുടെയും രണ്ട് പെൺകുട്ടികളുടെയും പേരുവിവരങ്ങൾ രൂപതാ മതബോധന ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

## മീഡിയ കാറ്റക്കേസിസ്

പൂതംപാറ, കുണ്ടുതോട്, പെരുവണ്ണാമൂഴി ഇടവകകളിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ വീഡിയോകൾ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

രൂപതാ-മേഖലാതല വിശ്വാസോത്സവ പഠനശിബിരങ്ങളുടെ വീഡിയോകൾ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ഡയറക്ടറച്ചന്റെ സന്ദർശനം

പൂതംപാറ, കുണ്ടുതോട്, പെരുവണ്ണാമൂഴി ഇടവകകളിൽ സന്ദർ ശനം നടത്തി, വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം




# ആദരാഞ്ജലികൾ

## സി. ലിവീന റോസ് CMC



ബൽത്തങ്ങാടി രൂപത കുട്ടറപ്പാടി ഇടവകയിൽ മൂലക്കര വർക്കി-റോസ ദമ്പതികളുടെ എട്ടുമക്കളിൽ ഏഴാമത്തെ മകളായി 1963 ഒക്ടോബർ 5 ന് റോസ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം റോസ 1981 ജൂൺ 28 ന് തേക്കുംകുറ്റി കാർമ്മൽ സ്റ്റഡി ഹൗസിൽ അർത്ഥിനിയായി ചേരുകയും 1984 ഡിസംബർ 28 ന് സഭാവസ്ത്രം സ്വീകരിച്ച് സി. ലിവീന റോസ് എന്ന നാമം സ്വീകരിച്ചു. 25.06.1992 നിത്യ വ്രതവാഗ്ദാനം ചെയ്ത സിസ്റ്റർ അധ്യാപനത്തിൽ അതീവ തല്പരയായിരുന്നു. മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രിയപ്പെട്ട അധ്യാപികയും ഗൈഡ് ക്യാപ്റ്റനായും ദീർഘകാലം സേവനം ചെയ്തു. തിരുവമ്പാടി, കക്കാടംപൊയിൽ, താമരശ്ശേരി, പുഷ്പഗിരി, തേക്കുംകുറ്റി, കുട്ടറപ്പാടി, ധർമ്മസ്ഥലം എന്നിവിടങ്ങളിൽ അധ്യാപികയായും സുപ്പീരിയറായും സിസ്റ്റർ സേവനം ചെയ്തു. 2022 ൽ ക്യാൻസർ ബാധിച്ച് ചികിത്സയിലായിരുന്ന സിസ്റ്റർ ലിവീനയുടെ അവസാനനാളുകൾ സഹനപൂർണ്ണമായിരുന്നെങ്കിലും അവയെല്ലാം സന്തോഷപൂർവ്വം സ്വീകരിക്കാൻ സിസ്റ്ററിന് സാധിച്ചു. 36 വർഷത്തെ തന്റെ വ്രതബദ്ധജീവിതത്തിന് സമാപ്തികുറിച്ചുകൊണ്ട് 2023 മാർച്ച് 18 ന് ദിവ്യമണവാളന്റെ സന്നിധിയിലേക്ക് സിസ്റ്റർ യാത്രയായി. 19.3.2023 ന് തിരുവമ്പാടി ഇടവക ദൈവാലയത്തിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. സി. ലിവീനയുടെ പാവനാത്മാവിന് നിത്യശാന്തിനേരുന്നു.



# അൾത്താരാ സംഘടന (SMART)

(Syro-Malabar Altar Servers Regional Association Diocese of Thamarassery)

## പുതിയ റീജണൽ ഡയറക്ടർമാർക്ക് സ്വാഗതം

രൂപതയിലെ 5 റീജണുകളിൽ പുതിയ ഡയറക്ടർമാരായി സ്ഥാനം ഏറ്റെടുത്ത ഫാ. ജേക്കബ് കോയിപ്പുറത്ത് (കൂരാച്ചുണ്ട്) ഫാ.ജോസഫ് വിലങ്ങുപാറ (കോടഞ്ചേരി) ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (പാറോപ്പടി) ഫാ. ജോസഫ് പുത്തൻപുരക്കൽ (തിരുവമ്പാടി) ഫാ. ജോസഫ് ഇടക്കാട്ടിൽ (തോട്ടുമുക്കം) എന്നീ വൈദികർക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു. കഴിഞ്ഞകാലങ്ങളിൽ അൾത്താര സംഘടനയ്ക്ക് ഫൊറോനാ തലത്തിൽ സ്തുത്യർഹമായ നേതൃത്വം നൽകിയ ഫാ. തോമസ് പുലയംപറമ്പിൽ, ഫാ. അഗസ്റ്റിൻ തുറവയ്ക്കൽ, ഫാ. ജോർജ് പുരയിടത്തിൽ, ഫാ. തോമസ് കൊച്ചുമുറിയിൽ എന്നീ വൈദികർക്ക് ഹൃദയം നിറഞ്ഞ നന്ദിയും ദൈവാനുഗ്രഹങ്ങളും നേരുന്നു.

## അവധിക്കാല ക്യാമ്പുകൾ

*അൾത്താരാ സംഘടന സംഗമം 2023 - (To Be Smart in Christ)*

അൾത്താര ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ വിശ്വാ സവും ഭക്തിയും വർദ്ധിപ്പിക്കുന്നതിനായി രൂപതയെ മൂന്ന് റീജിയനുകളായി തിരിച്ച് താമസിച്ചുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു ഏപ്രിൽ 17,18 തീയതികളിലായി മലപ്പുറം, പെരിന്തൽമണ്ണ, കരുവാരകുണ്ട് ഫൊറോനകൾക്കായി പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിലും, മെയ് 1,2 തീയതികളിലായി വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് ഫൊറോനകൾക്കായി പേരാമ്പ്ര സെന്റ് ഫ്രാൻസിസ് സ്കൂളിലും മെയ് 4,5 തീയതികളിലായി താമരശ്ശേരി, പാറോപ്പടി, തിരുവമ്പാടി, കോടഞ്ചേരി തോട്ടുമുക്കം ഫൊറോനകൾക്കായി തിരുവമ്പാടി അൽഫോൻസാ കോളേജിലും വച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ കുട്ടികളെ ക്യാമ്പുകളിലേക്ക് പറഞ്ഞു വിടണം എന്ന് ഓർമ്മിപ്പിക്കുന്നു.

## ഫുട്ബാൾ മത്സരം

അവധിക്കാലത്ത് അൾത്താര സംഘടനയിലെ കുട്ടികൾക്കായി ഒരു ഏകദിന ഫുട്ബോൾ മത്സരം നടത്തുന്നു. ഒരു ടീമിൽ 7 അംഗങ്ങൾക്കാണ് പങ്കെടുക്കാവുന്നത്. സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതാണ്. ടീമുകൾ മത്സരത്തിൽ പങ്കെടുക്കുവാൻ ഒരുങ്ങേണ്ടതാണ്.

**ഫാ. ചെറിയാൻ പൊങ്ങൻപാറ**
ഡയറക്ടർ, SMART

# ചെറുപുഷ്പ മിഷൻലീഗ്

## സൗഹൃദം കൂട്ടായ്മ

മാർച്ച് 11 രണ്ടാം ശനിയാഴ്ച സംസ്ഥാന സമിതിയംഗങ്ങളായ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ പ്രസിഡണ്ട് ശ്രീ. ബേബി പ്ലാശ്ശേരി, ജനറൽ സെക്രട്ടറി ശ്രീ.ജിന്റോ തകിടിയേൽ, മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ. രഞ്ജിത് മുതുപ്ലാക്കൽ എന്നിവർ താമരശ്ശേരി രൂപത ഓഫീസിൽ സന്ദർശനം നടത്തി. 10.30 ന് നടന്ന മീറ്റിങ്ങിനു ശേഷം അഭിവന്ദ്യപിതാവ്, പെരി. ബഹു. ജനറാളച്ചൻ എന്നിവരെ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവ് യോഗവും അതോടൊപ്പം നടന്നു.

## ഗ്രാന്റ് മാസ്റ്റർ ക്യാമ്പ്

2023 ഏപ്രിൽ 18, 19, 20 തിയ്യതികളിൽ രൂപത തലത്തിൽ 7 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ഗ്രാന്റ്മാസ്റ്റേഴ്സ് ക്യാമ്പ് നടത്തുന്നു. ക്യാമ്പ് ഫീസ് 1500 രൂപയാണ്. പങ്കെടുക്കുവാനാഗ്രഹിക്കുന്ന കുട്ടികൾ ഏപ്രിൽ 15 ന് മുൻപ് 500 രൂപ കൊടുത്ത് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പെർഫോമൻസ് ലെവലിൽ കുട്ടികളെ വളർത്താൻ ഉതകുന്ന ക്യാമ്പാണ്. ഓരോ മേഖലയിലും പ്രാവീണ്യമുള്ള ട്രെയിനേഴ്സ് ആണ് പരിശീലനം നൽകുന്നത്. ക്യാമ്പിൽ 120 പേർക്കാണ് പ്രവേശനം ഉണ്ടായിരിക്കുക , ശാഖയിൽ നിന്ന് ഈ വർഷത്തെ ലീഡേഴ്സ് ആയിട്ടുള്ള 2 പേർ എങ്കിലും ഇതിൽ പങ്കെടുത്ത് അവരിലൂടെ ശാഖയിലെ മറ്റുള്ളവർക്കും നേതൃത്വ പരിശീലനത്തിന്റെ ഗുണങ്ങൾ സ്വന്തമാക്കാൻ അവരെ പ്രാപ്തരാക്കാൻ ശ്രമിക്കേണ്ടതാണ്.

## രൂപത ദിനവും കൗൺസിലും

ഏപ്രിൽ 28 വെള്ളിയാഴ്ച കോടഞ്ചേരിയിൽ വെച്ച് രൂപത ദിനം സംഘടിപ്പിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. കുട്ടികളുടെ വിഭാഗത്തിന് വേണ്ടി നടത്തപ്പെടുന്ന ക്ലാസ്സ് രൂപത കൗൺസിൽ ആയി സംഘടിപ്പിക്കുകയാണ്; അതിനാൽ ശാഖയിൽ നിന്ന് 4 ഭാരവാഹികളും ഒരു ഓർഗനൈസറും ഇതിൽ പങ്കെടുക്കേണ്ടതാണ്. മറ്റെല്ലാ സംഘടന ഭാരവാഹികൾക്കും വേണ്ടി മറ്റൊരു ഹാളിലും, വൈദികർ, സിസ്റ്റേഴ്സ് എന്നിവർക്ക് വേണ്ടി വേറൊരു ഹാളിലുമായി 4 വേദികളിലാണ് പരിപാടികൾ സംഘടിപ്പിക്കുക. സമയം 10. am - 1 pm.

## മിസ്സിയോ ദൈവവിളി പ്രസംഗ മത്സരം

മെയ് 2 ന് മുൻപ് എല്ലാ ശാഖകളിലും ദൈവവിളി പ്രസംഗ മത്സരം (MISSIO) നടത്തണമെന്ന് അറിയിക്കുന്നു. (ദൈവവിളിയുമായി ബന്ധപ്പെട്ട ഒരു വചനം വിഷയമായി മേഖലാ തലത്തിൽ കൊടുക്കാവുന്നതാണ്) തുടർന്ന് ശാഖ തല സമ്മാനർഹരെ മേഖലയിൽ ഒരുമിച്ചു കൂട്ടി, മെയ് 7 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ മേഖല തല

മത്സരം നടത്തുകയും, അതിൽനിന്ന് തെരെഞ്ഞെടുക്കപ്പെടുന്ന ഒരാൾ രൂപതയിൽ മെയ് 13 ന് ശനിയാഴ്ച 9.30 ന് നടത്തപ്പെടുന്ന രൂപത മത്സരത്തിൽ പങ്കെടുക്കുകയും ചെയ്യുക. മത്സരശേഷം 11 am ന് രൂപത വാർഷിക പരിപാടികൾ മാനേജിങ് കമ്മറ്റി, ശാഖ വൈസ് ഡയറക്ടേഴ്സ് സംഗമം എന്നിവ നടത്തുന്നു. ഈ സമ്മേളനത്തിൽ വെച്ചാണ് പ്രവർത്തനവർഷത്തിൽ നടത്തിയ മറ്റ് മത്സരങ്ങളുടേയും സ്കോളർഷിപ്പുകളുടേയും സമ്മാനങ്ങൾ വിതരണം ചെയ്യുക; അതിനാൽ സമ്മാനർഹരായവരും മികച്ച ശാഖ, മേഖല പ്രതിനിധികളുടെ ടീമും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിക്കുന്നു. സ്ഥലം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ, താമരശ്ശേരി.

### പ്രേഷിത വാഹിനി

MST സഭയുടെ മാധ്യമ വിഭാഗമായ സാന്തോം മീഡിയയും ശാലോം ടെലിവിഷനും ചേർന്നൊരുക്കുന്ന സഭാ വിജ്ഞാനീയ ക്വിസ്, പാരമ്പര്യ കലകൾ പ്രോഗ്രാമുകൾ എന്നിവ രൂപതയിലെ തെരെഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വെച്ച് നടത്തുവാൻ രൂപത ഘടകത്തിന്റെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കുന്നു. അതിൽ നടത്തപ്പെടുന്ന ക്വിസ് മത്സരത്തിന് ഒരുങ്ങുന്നതിനായി പ്രേഷിതവാഹിനി ക്വിസ് മത്സര പഠന സഹായി നല്കപ്പെടുന്നതാണ്. വേനപ്പാറ, കോടഞ്ചേരി, താമരശ്ശേരി, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ വെച്ചാണ് പ്രോഗ്രാം നടത്തുന്നത്.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ് 2023

താമരശ്ശേരി രൂപത കലണ്ടർ 2023 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ഫീദെസ് ഫാമിലി ക്വിസ് 2023 എന്ന പേരിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

*പ്രത്യേകതകൾ :* താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.

ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.

2023 ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ(10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.

ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. കലണ്ടറിൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ അയയ്ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടുക. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 30 ഞായറാഴ്ച രാത്രി 12 മണിയാണ്.

പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് രൂപതാ തല രണ്ടാംഘട്ട മത്സരത്തിന് അർഹരാകുന്നത്.

ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2023 ജൂൺ 10 ശനിയാഴ്ച രൂപതാ തലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം: 15,000 രൂപ (CHEM Pharma, Calicut Road, Manjeri).
രണ്ടാം സമ്മാനം: 10000 രൂപ (Fatima Druglines, Manjeri)
മൂന്നാം സമ്മാനം: 5000 രൂപ (Adv. Beena Joseph Palayoor, Manjeri).
പ്രോത്സാഹന സമ്മാനങ്ങൾ (Arabian Dental Lab, Manjeri).

ഒന്നാംഘട്ട മത്സരത്തിൽ ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 30 വരെ നീട്ടിയിട്ടുണ്ട്. ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

## മർഗാനീസ ക്ലാസ്

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഘട്ടം ഫെബ്രുവരി 24 വെള്ളിയാഴ്ച ആരംഭിച്ചു. മാർച്ച് 11 നും ക്ലാസ് നടത്തി. ആരാധനാക്രമ ആധ്യാത്മികത, വിശുദ്ധ കുർബാനയും ഭക്തനുഷ്ഠാനങ്ങളും എന്ന രണ്ട് വിഷയങ്ങളെക്കുറിച്ചുള്ള ഗഹനമായ ക്ലാസ് നയിച്ചത് എം.സി.ബി.എസ് സന്യാസമൂഹാംഗവും സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും പ്രസിദ്ധ ധ്യാന ഗുരുവും വചനപ്രഘോഷകനും ഗ്രന്ഥകാരനുമായ ബഹു. കുര്യാക്കോസ് മൂഞ്ഞേലി അച്ചനാണ്. വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെയാണ് ക്ലാസ് നടത്തിയത്. ഈ ക്ലാസ് നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ്ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചന് പ്രത്യേകം നന്ദി അർപ്പിക്കുന്നു. എല്ലാ മാസത്തെയും രണ്ടാമത്തെ ശനിയാഴ്ചയാണ് മർഗാനീസ ക്ലാസുകൾ നടത്തുന്നത്.

ആരാധനക്രമം എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത് വിശുദ്ധ കുർബാന, ആരാധനാവത്സരം, യാമ പ്രാർത്ഥനകൾ, കൂദാശകൾ, കൂദാശാനുകരണങ്ങൾ എന്നിവയാണല്ലോ. വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തി ഇവ ഓരോന്നിനെയും കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും വിശുദ്ധ കുർബാനയ്ക്ക് ഇവയുമായുള്ള ബന്ധത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ചെയ്യുക എന്നതാണ് മർഗാനീസയുടെ രണ്ടാം ഭാഗത്ത് ലക്ഷ്യം വെയ്ക്കുന്നത്.

ബഹു. അച്ചന്മാർ ഈ ക്ലാസുകളിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ



# സെമിനാരി വാർത്തകൾ

## വേനൽക്കാല ക്യാമ്പുകൾ

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തുന്ന തത്വശാസ്ത്ര ദൈവശാസ്ത്ര വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 4-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും വ്യക്തിത്വ വികസനം, വിശ്വാസരൂപീകരണം തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ ക്യാമ്പുകളും, ക്ലാസ്സുകളും നടത്താനാഗ്രഹിക്കുന്നു. ബ്രദേഴ്സിന്റെ സേവനം ആവശ്യമുള്ളവർ രൂപത മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

## മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ്

മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾ അവരുടെ മൈനർ സെമിനാരിയിലെ പരിശീലനം പൂർത്തിയാക്കി ഫിലോസഫി പഠനത്തിനായി വിവിധ മേജർ സെമിനാരികളിലേക്ക് പോകുന്നതിന്റെ ഭാഗമായി യാത്രയയപ്പ് നൽകി.

## വാർഷിക പരീക്ഷ

ഒന്നാം വർഷ വൈദിക വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയും രണ്ടും മൂന്നും വർഷക്കാരുടെ +1, +2 പരീക്ഷയും മാർച്ച് 10 ന് ആരംഭിച്ചു.

## മ്ശംശാന പട്ടവും ചെറുപട്ടങ്ങളും

രൂപതയിലെ 16 ദൈവശാസ്ത്ര വിദ്യാർത്ഥികൾ 2023 മാർച്ച് 30 ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്നും വിവിധ പട്ടങ്ങൾ സ്വീകരിക്കുന്നു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# സ്റ്റാർട്ട്

## Summer Comprehensive and Intensive training programme

ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തപ്പെടുന്ന ഓരോ മത്സര പരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കുമെല്ലാം ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് തന്നെ കഴിഞ്ഞ അഞ്ചു വർഷമായി സ്റ്റാർട്ടിൽ വിജയകരമായി നടത്തിവരുന്ന ഇംഗ്ലീഷ് തീവ്രപരിശീലന കോഴ്സ് ഈ വർഷവും സമ്മർ അവധിക്കാലത്ത് നടത്തപ്പെടുന്നു . 2023 ഏപ്രിൽ 16 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ ഏപ്രിൽ 30 ഞായറാഴ്ച വൈകുന്നേരം 4 മണി വരെയാണ് ക്ലാസുകൾ നടത്തപ്പെടുക. ഇംഗ്ലീഷിനു പുറമേ പത്താം ക്ലാസ് വരെയുള്ള കണക്കിനും തുല്യ പ്രാധാന്യം നൽകപ്പെടും. റീസണിംഗ്, വ്യക്തിത്വ വികസനം, മെച്ചപ്പെട്ട പഠന രീതികൾ, ലക്ഷ്യബോധം, മെന്റൽ ഹെൽത്ത് ഫോർമേഷൻ തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| BASIC | – | 3,4 ക്ലാസുകൾ |
| CLASSIC | – | 5,6,7 ക്ലാസുകൾ |
| ADVANCED | – | 8,9,10 ക്ലാസുകൾ |
| PROFICIENT | – | 11,12 ക്ലാസുകൾ |

2023 ഏപ്രിൽ 16 ഞായർ വൈകുന്നേരം 4 മണി മുതൽ ഏപ്രിൽ 30 ഞായർ വൈകുന്നേരം 4 മണി വരെ.

## Learning today... Leading tomorrow – One year Master Training Course 2023-24 BATCH Admission Open

അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റു പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർത്തിയാക്കി, നേതൃ പദവികളിൽ എത്തുവാൻ പ്ലസ്ടുവിന് ശേഷം കുട്ടികളെ ഒരുക്കുന്ന കോഴ്സ്. പ്ലസ് ടു വിനുശേഷം അഖിലേന്ത്യാ തലത്തിലുള്ള എല്ലാ പ്രധാനപ്പെട്ട എൻ ട്രൻസ് പരീക്ഷകൾക്കുമുള്ള കോച്ചിംഗാണ് ഈ കോഴ്സിൽ നൽകുന്നത്. ഈ കോഴ്സിന്റെ പതിനെട്ടാമത്തെ ബാച്ച് 2023 ജൂൺ 15 നു ആരംഭിക്കുന്നു.

### കോഴ്സിന്റെ സവിശേഷതകൾ:

1. കേന്ദ്ര സർവകലാശാലകളിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥികൾക്കും നൽകുന്നത് അനവധി അവസരങ്ങളാണ്. പ്രഗൽഭരായ അധ്യാപകരും മികച്ച സിലബസും എല്ലാം കേന്ദ്ര സർവകലാശാലകളെ മറ്റു സർവകലാ

ശാലകളിൽ നിന്നും വിഭിന്നമാക്കുന്നു. അതോടൊപ്പം തന്നെ കേരളത്തിലെ മിക ച്ച എഞ്ചിനീയറിങ് സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കുക എന്നത് വിദ്യാർത്ഥികൾക്ക് ഉന്നത തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നു. കേന്ദ്ര സർവ കലാശാലകളിൽ അഡ്മിഷൻ നേടുവാനായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി ന ടത്തുന്ന CUET പരീക്ഷയ്ക്കുള്ള ഒരുക്കവും അതോടൊപ്പം തന്നെ കേരളത്തിലെ വിവിധങ്ങളായ എൻജിനീയറിങ് സ്ഥാപനങ്ങളിലേക്കുള്ള പ്രവേശന പരീക്ഷയാ യ KEAM നു നൽകുന്ന പരിശീലനവുമാണ് ഈ കോഴ്സിന്റെ പ്രധാന സവിശേഷത.

2. ശാസ്ത്രം, കോമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങൾ നമുക്കു മുൻപിൽ തു റക്കുന്നത് അവസരങ്ങളുടെ അനന്തജാലകങ്ങളാണെന്ന വസ്തുത കുട്ടികൾക്ക് മ നസ്സിലാക്കി കൊടുക്കുവാനും അതുവഴി തങ്ങൾക്ക് ആസ്വാദ്യകരമായ വിഷയ ങ്ങൾ എടുത്ത് പഠിക്കുവാനുമുള്ള ആത്മവിശ്വാസവും സ്റ്റാർട്ട് വിദ്യാർഥികൾക്കാ യി നൽകുന്നു.

3. ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് കാലോചി തമായ പല കോഴ്സുകളും സ്റ്റാർട്ട് വിദ്യാർത്ഥികൾക്കായി നൽകുന്നു. പരീക്ഷക ൾ മാത്രം ലക്ഷ്യം വെച്ചുള്ള പഠനമല്ല മറിച്ച് ഒരു വ്യക്തിയുടെ സമഗ്രമായ വളർ ച്ചയ്ക്ക് ഉതകുന്ന എല്ലാ വിഷയങ്ങളും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ലക്ഷ്യമിടുന്ന പ്രധാന എൻട്രൻസ് പരീക്ഷകൾ:**

- CUET-Common University Entrance Test
  (EFLU, Pondicherry University, Hyderabad University and all other Central Universities in India)
- KEAM - Kerala Engineering, Agricultural and Medical Admission Exam
- IPM-Integrated Program in Management
- CLAT - Common Law Admission Test
- NDA - National Defense Academy Examination
- UCEED - Undergraduate Common
  Entrance Examination for Design
- CUSAT CAT - Cochin University of Science & Technology, Common Admission Test
- NIMHANS (Institute Level Nursing Entrance Exam)
- NID - National Institute of Design
- NIFT - National Institute of Fashion Technology
- NCHMCT- National Council for Hotel Management & Catering Technology
- IFTK - Institute of Fashion Technology Kollam

## Career Guidance & Talent Search Workshops

മാതാപിതാക്കളുടെയോ സഹപാഠികളുടെയോ നിർബന്ധം മൂലമോ, ഉപരി പഠന മേഖലകളെ പറ്റിയുള്ള അറിവിന്റെ കുറവുകൊണ്ടോ, സ്വന്തം അഭിരുചിക്ക് ചേരാത്ത വിഷയങ്ങൾ തിരഞ്ഞെടുത്ത് ഉപരിപഠനത്തിനു പോകുന്ന വിദ്യാർഥികൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ശാസ്ത്രീയവും പ്രായോഗികവുമായ മാർഗങ്ങളിലൂടെ ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിന് അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കുവാനും സ്റ്റാർട്ട് കുട്ടികളെ സഹായിക്കുന്നു. ഇത് ഓരോ ഇടവകയിലുമുള്ള കുട്ടികളെ അറിയിക്കുവാനും അവർക്കു സ്റ്റാർട്ടിനെപറ്റി കൂടുതൽ മനസ്സിലാക്കുവാനും ഉള്ള അവസരം ഒരുക്കുവാൻ, കരിയർ ഗൈഡൻസ് മേഖലയിലെ പ്രഗൽഭർ നയിക്കുന്ന 2 മണിക്കൂർ ദൈർഖ്യമുള്ള ഒരു വർക്ക് ഷോപ്പ് 2023 ഏപ്രിൽ മാസം ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

**To Contact : 0495 235 7843, 9037 107 843 (Office Hours 9.30 am to 5 pm)**
**9744 458 111 (Director), 9495460388 (Asst. Director)**
**Web : www.startindia.org**
**Email : contact@startindia.org**
**director@startindia.org**

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

# അൽഫോൻസ കോളേജ് തിരുവമ്പാടി

## സെമിനാർ നടത്തി

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഉപഭോക്താക്കളുടെ അവകാശങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വക്കേറ്റ് സുജയ സുധാകരൻ വിഷയാവതരണം നടത്തി. കോമേഴ്സ് വിഭാഗം മേധാവി സാനി തോമസ് സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കോമേഴ്സ് അസോസിയേഷൻ കോഡിനേറ്റർ ഡോ. അഷിത എം കെ, ഷിജി ഫ്രാൻസിസ്, ദീപേഷ് കെ, തുടങ്ങിയവർ നേതൃത്വം നൽകി ജെറാൾഡ് ടോം നന്ദി പ്രകാശിപ്പിച്ചു

160 ഓളം ഡിഗ്രി വിദ്യാർഥികൾ സെമിനാറിൽ പങ്കെടുത്തു. ഉപഭോക്താക്കൾ തങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ എന്തെല്ലാം നിയമോപാദികളാണ് അവർക്ക് അവലംബിക്കാൻ സാധിക്കുന്നത് എന്നതിനെക്കുറിച്ചുള്ള അറിവ് ലഭിക്കാൻ ഈ സെമിനാർ ഉപകരിച്ചു.

എസ് എൻ ഇ എസ് കോളേജിൽ വെച്ച് നടന്ന സ്പോട്ട് ഫോട്ടോഗ്രഫി മത്സരത്തിൽ ഫൈനൽ ഇയർ ബികോമിലെ പ്രിൻസ് ബേബി ഒന്നാം സമ്മാനം കരസ്ഥമാക്കി.

### സംവാദം നടത്തി

പ്രമുഖ കമ്പനികളിൽ എങ്ങനെ തൊഴിൽ നേടാം എന്നതിനെ ആസ്പദമാക്കി സംവാദം നടത്തി. അജയ് വിൽസൺ (സീനിയർ അസോസിയേറ്റ് കാപ് ജെമിനി ) അനുഭവം പങ്കുവെച്ചു. കോമേഴ്സ് വിഭാഗം മേധാവി സാനി തോമസ് സ്വാഗതം ആശംസിച്ചു. കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുത്തു.

### ക്യാമറയുടെ ശരീര ഘടനയും ദൃശ്യാവിഷ്കാരവും : ഏകദിന പരിശീലനം.

അൽഫോൻസ കോളേജ് തിരുവമ്പാടി, മാധ്യമ പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്യാമറയുടെ ശരീര ഘടനയും ദൃശ്യാവിഷ്കാരവുമെന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തി. മലയാള സിനിമ, പരസ്യമേഖലകളിലെ ക്യാമറാമാൻ നസീഫ് നാനത്തിന്റെ നേതൃത്വത്തിൽ നടന്ന പരിശീലന പരിപാടിയിൽ ഡിജിറ്റൽ ക്യാമറയുടെ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള പ്രാക്ടിക്കൽ ക്ലാസ്സ് നടന്നു. കോളേജ് വൈസ് പ്രിൻസിപ്പാൾ ഫാ. ഷെനീഷ് അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മാധ്യമ പഠന വിഭാഗം അധ്യാപകരായ ജിന്റ ലൂക്ക, ആതിര ഇ കെ എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികളായ ആര്യ ഇ സ്വാഗതവും, നിഹാൽ നാസിം നന്ദിയും പറഞ്ഞു.

### മാധ്യമ സെമിനാർ എം വി ശ്രേയാംസ് കുമാർ ഉദ്ഘാടനം ചെയ്തു

തിരുവാമ്പാടി അൽഫോൻസ കോളേജും ജനചേതന കലാ സംസ്കാരിക പഠനകേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച ഏകദിന മാധ്യമ സെമിനാർ പതിമൂന്നാം തിയ്യതി വെള്ളിയാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് മാതൃഭൂമി മാനേജിംഗ് ഡയറക്ടറും ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി വൈസ് ചെയർമാനുമായ എം വി ശ്രേയാംസ് കുമാർ ഉദ് ഘാടനം ചെയ്തു. തദവസരത്തിൽ ദേശീയ മാധ്യമ പുരസ്കാരം നേടിയ മാതൃഭൂമി സീനിയർ സബ് എഡിറ്റർ അനു അബ്രാഹമിനെ ആദരിക്കും. അച്ചടി സമുഹമാധ്യമങ്ങളുമായി ബന്ധപ്പെട്ട വിവിധ സെഷനുകളിൽ കെ എഫ് ജോർജ് (മലയാള മനോരമ), അനു അബ്രാഹം (മാതൃഭൂമി), ബൈജു ബാപ്പുട്ടി (ദീപിക), ബി.പി. മൻസൂർ (ദേശാഭിമാനി), അമീർ സൽമാൻ (മാധ്യമ അധ്യാപകൻ), മുഹമ്മദ് ഷെഫീഖ്, ജോബി ജോസഫ്, ആനിയമ്മ, ഫസൽ തിരുവമ്പാടി എന്നിവർ പങ്കെടുത്തു. കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷനാ

യിരുന്ന യോഗത്തിൽ താമരശേരി രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, ജോസ് മാത്യു, സെബാസ്റ്റ്യൻ ചെറിയാൻ ഷോൺ തങ്കച്ചൻ എന്നിവർ ആശംസകൾ അർപ്പിച്ചു. കോളേജുകളിൽ നിന്നും ഇതര പഠന വകുപ്പുകളിൽ നിന്നുമായുള്ള ഡെലഗേറ്റുകളാണ് സെമിനാറിൽ പങ്കെടുത്തത്.

## അൽഫോൻസ കോളേജിൽ ദേശീയ സെമിനാറും നാക്ക് സർട്ടിഫിക്കറ്റ് സമർപ്പണവും

അൽഫോൻസ കോളജിൽ ദേശീയ സെമിനാറും കോളേജിനു ലഭിച്ച നാക്ക് A ഗ്രേഡ് അംഗീകാര സമർപ്പണവും നടത്തി. പുതിയ വിദ്യാഭ്യാസ നയവും ഉന്നത വിദ്യാഭ്യാസവും എന്ന വിഷയത്തെ ആധാരമാക്കി നടന്ന ദേശീയ സെമിനാറിൽ കേരളത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള വിവിധ കോളേജുകളിൽ നിന്നും ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുമായി 26 ലധികം സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരും ഐ ക്യു എ സി കോർഡിനേറ്റർമാരുമടക്കമുള്ള പ്രതിനിധികൾ പങ്കെടുത്തു. സെമിനാർ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ എം. കെ. ജയരാജ് ഉദ്ഘാടനം ചെയ്തു. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾ വളരെ വലുതാണെന്നും ചാവറയച്ചനെപ്പോലുയുള്ള മഹത് വ്യക്തികളാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ മികവുള്ളതാക്കിയതെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഊന്നിപറഞ്ഞു. പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ വിശിഷ്ടാതിഥികളെയും പ്രതിനിധികളെയും സ്വാഗതം ചെയ്തു. താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ ജോൺ ഒറവുങ്കര അദ്ധ്യക്ഷത വഹിച്ചു.

ഈസ്റ്റിന്ത്യാ കമ്പനിയുടെ താൽപര്യങ്ങൾക്കെതിരായി എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ മിഷനറിമാർ നടത്തിയ പ്രവർത്തനങ്ങളാണ് ഇന്നത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് അടിത്തറ പാകിയ തെന്ന് കണക്കുകളുടെ പിൻബലത്തോടെ മുൻ അഡീഷനൽ ചീഫ് സെക്രട്ടറി ജെയിംസ് വർഗീസ് തന്റെ പ്രബന്ധത്തിൽ വ്യക്തമാക്കി. പുതിയ വിദ്യാഭ്യാസ നയത്തിൽ ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ ഈ മിഷൻ സ്വഭാവം നഷ്ടപ്പെട്ടു പോകരുതെന്ന് അദ്ദേഹം ഓർമിപ്പിച്ചു. കേരളമടങ്ങുന്ന തെന്നിന്ത്യൻ സംസ്ഥാനങ്ങളിലെയും ബംഗാൾ പോലുള്ള പ്രദേശങ്ങളിലെയും ജനങ്ങളും ഭരണാധികാരികളും ബാഹ്യശക്തികളുടെ വരവിൽ കാണിച്ച സഹിഷ്ണതയും സമന്വയവുമാണ് ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിദ്യാഭ്യാസത്തിന് വലിയ മുൻതൂക്കം ലഭിക്കാൻ കാരണമായി തീർന്നതെന്നും അന്നത്തെ തിരുവിതാംകൂർ ഭരണാധികാരി ഗൗരിലക്ഷ്മി ഭായിയുടെ വിദ്യാഭ്യാസം സർവ്വർക്കും ലഭ്യമാക്കണമെന്ന ആഹ്വാനം അക്കാലഘട്ടത്തിൽ വിദേശരാജ്യങ്ങളിൽ പോലും കാണാൻ കഴിയാതിരുന്ന ചുവടുവെപ്പായിരുന്നുവെന്നും പ്രൊഫ. അമൃത്. ജി. കുമാർ (കേന്ദ്ര സർവ്വകലാശാല, കാസർഗോഡ്) തന്റെ പ്രബന്ധ അവ തരണത്തിൽ വ്യക്തമാക്കി.

ഡോ. റേജസ് ജോൺ (കോളേജ് ഓഫ് ദ ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്) പ്രൊഫ. ലിംസീർ അലി (എം. ഇ. എസ് കോളേജ്, പൊന്നാനി) തുടങ്ങിയവരുടേത

ടക്കം 9 പ്രബന്ധങ്ങളും തെരഞ്ഞെടുത്ത പേപ്പറുകളും അവതരിപ്പിച്ചു. നാലു സെഷ നുകളിലായാണ് സെമിനാർ സംഘടിപ്പിച്ചത്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അറിവു തേടുന്ന സ്ഥാപന ങ്ങളല്ല അറിവ് ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളായി മാറണമെന്ന് പൊതു മരാമത്ത് ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് സമാപനയോഗത്തിൽ പറഞ്ഞു. തിരുവമ്പാ ടി അൽഫോൻസ കോളേജിലെ ഏകദിന ദേശീയ സെമിനാറിന്റെ സമാപന സ മ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാക് അക്ര ഡിറ്റേഷനിൽ A ഗ്രേഡ് നേടിയ കോളേജിന് ലഭിച്ച നാക്ക് സർട്ടിഫിക്കറ്റും അദ്ദേഹം സമർപ്പിച്ചു. കേവലം എട്ടു വർഷത്തെ കാലയളവിൽ അൽഫോൻസ കോളേജ് തിരു വമ്പാടി നാക് (നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ) എ ഗ്രേഡ് നേടി കേരളത്തിലെ 1500 ലധികം കോളേജുകളിൽ നിന്ന് നിലവിൽ സം സ്ഥാനത്തെ ഏറ്റവും ഉയർന്ന നാക് ഗ്രേഡ് നേടിയ ആദ്യത്തെ 40 കോളജുകളുടെ ഗണത്തിൽ പെടാനായതും സംസ്ഥാന ത്തെ ആയിരത്തിലധികം സ്വാശ്രയ കോ ളേജുകളിൽ വെച്ചു നാക്ക് ഗ്രേഡി ങ്ങിൽ രണ്ടാം സ്ഥാനത്ത് എത്താൻ സാധിച്ചതും അഭിമാനകരമായ നേട്ട മാണെന്നും മന്ത്രി ഊന്നി പറഞ്ഞു.

ചടങ്ങിൽ താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനി അധ്യ ക്ഷനായിരുന്നു. തിരുവമ്പാടി എം എൽ എ ലിന്റോ ജോസഫ് ഡെലഗേറ്റുകൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ സ്വാഗത പ്രസംഗം നടത്തിയ സമാപന യോഗത്തിൽ പ്രിൻസിപ്പൽ ഡോ. ചാക്കോ. കെ. വി അക്രഡിറ്റേഷന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ സെഷനുകളിൽ, ഫാ. കുര്യൻ താന്നിക്കൽ, ഡോ. ജെയിംസ് പോൾ (കോർഡിനേറ്റർ), സ്നേഹ മാത്യു, (സൈക്കോളജി വിഭാഗം മേധാവി) സാനി തോമസ് (കോമേഴ്സ് വിഭാഗം മേധാവി) സെബാസ്റ്റ്യൻ ചെറി യാൻ (ഇംഗ്ലീഷ് വിഭാഗം മേധാവി) ജോസഫ്. പി. സി, (അസി. പ്രൊഫസർ ഓഫ് ഇംഗ്ലീഷ്) കോളേജ് യൂണിയൻ ചെയർമാൻ ഷോൺ തങ്കച്ചൻ എന്നിവർ സംസാരി ച്ചു. തിരുവമ്പാടി അൽഫോൻസ കോളേജും താമരശ്ശേരി രൂപത എഡ്യൂക്കേഷ ണൽ ട്രസ്റ്റും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് ,അസി. പ്രൊഫസർമാരായ ഫാ. ഷിജു (കോമേഴ്സ് വി ഭാഗം) , ശ്രീ സുധാകരൻ (മലയാളം വിഭാഗം), റോബിൻ മാത്യു & ഷീബ മോൾ (ഇംഗ്ലീഷ് വിഭാഗം), ദീപ ഡൊമിനിക് തുടങ്ങിയവർ വിവിധ കമ്മിറ്റികൾക്ക് നേതൃ ത്വം നൽകി. ജേണലിസം ഡിപ്പാർട്ട്മെന്റിലെ വിദ്യാർഥികളും യൂണിയൻ ഭാരവാഹി കളും സെമിനാറിനാവശ്യമായ ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടത്തി.

## Ateml-2k23

കോളേജ് ഡേ Ateml- 2k23 മാർച്ച് ഏഴാം തീയതി കോളേജ് ഓഡി റ്റോറിയത്തിൽ വച്ച് നടന്നു. പ്രശസ്ത നോവലിസ്റ്റ് പി ആർ നാഥൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കോളേജ് മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷത വഹിച്ചു. അധ്യയന വർഷ പ്രവർത്തന റിപ്പോർട്ട് കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി അവതരിപ്പിച്ചു. കോളേജ് യൂണിയൻ റിപ്പോർട്ട് യൂണിയൻ സെക്രട്ടറി അഭിഷേക് ടുട്ടു അവതരിപ്പിച്ചു. 2022–23 അധ്യയനവർഷത്തെ മികച്ച ഔട്ട് ഗോയിങ് സ്റ്റുഡൻസിനുള്ള അവാർഡുകൾ ആദിത്യ ടി കെ, അഭിഷേക് ടുട്ടു, അനഘ സുധീർ എന്നിവർക്ക് സമ്മാനിച്ചു. വിവേക് എ പിയും ആൽബിൻ ചെറുവത്തൂരും പ്രൊഫിഷൻസി അവാർഡിനർഹരായി. സാഹിത്യപ്രതിഭ പുരസ്കാരം അമല റോസിനും കലാ പ്രതിഭ പുരസ്കാരം ഷോൺ തങ്കച്ചനും നൽകി. കല 2023 ഓവറോൾ ചാമ്പ്യൻഷിപ്പ് പി ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് നേടി. റവ. ഫാ. ഷെനിഷ് അഗസ്റ്റ്യൻ, ഷോൺ തങ്കച്ചൻ എന്നിവർ സംസാരിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും ഫ്രെജിനോ ബാന്റിന്റെ മ്യൂസിക് പരിപാടിയും നടന്നു.

## കോളേജ് ആർട്സ് ഡേ 'കല 2023'

മാർച്ച് ഒന്നാം തീയതി ആർട്സ് ഡേ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി ഉദ്ഘാടനം ചെയ്തു. കോളേജ് യൂണിയൻ ചെയർമാൻ ശ്രീ. ഷോൺ തങ്കച്ചൻ അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ മാനേജർ ഫാ. സജി മങ്കരയിൽ മുഖ്യ സന്ദേശം നൽകി. ഫെബ്രുവരി ഇരുപത്തിയൊന്നാം തീയതി സ്റ്റേജിതര മത്സരങ്ങളോടെയാണ് കല 2023 നു തുടക്കം കുറിച്ചത്. മുപ്പതോളം മത്സര ഇനങ്ങളിൽ ആണ് വിദ്യാർ ത്ഥികൾ മാറ്റുരച്ചത്. ഫൈൻ ആർട്സ് കോഡിനേറ്റർ ഡോ. ജെയിംസ് പോൾ, ഫൈൻ ആർട്സ് സെക്രട്ടറി റിക്സൺ റോബിൻ, യൂണിയൻ അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

## ആർ ജെ ഹണ്ട്

അൽഫോൻസ കോളേജിൽ ജേർണലിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ടോക് വിത്ത് ജേർണലിസ്റ്റ്' ഇൻട്രാക്റ്റീവ് സെഷനും ആർ. ജെ ഹണ്ടും സംഘടിപ്പിച്ചു. പരിപാടി കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. 'വോയിസ് ഓഫ് റേഡിയോ' എന്ന വിഷയത്തിൽ ആർ ജെ ജെയ്സൽ സംസാരിച്ചു.

രണ്ടു സെഷനായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. ടോക്ക് വിത്ത് ജേർണലിസ്റ്റ് സെഷനിൽ ആർ ജെ ജെയ്സൽ റേഡിയോയുടെ പ്രധാന്യത്തെയും എ

ങ്ങനെ നല്ലൊരു ആർ ജെ ആവാം എന്നതിനെ പറ്റിയും റേഡിയോയിൽ സർഗാത്മകമായി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതിനെപ്പറ്റിയും സംസാരിച്ചു.

ഉച്ചകഴിഞ്ഞുള്ള സെഷനിൽ ആർ. ജെ ഹണ്ട് കോമ്പറ്റിഷൻ നടത്തി. മത്സരത്തിൽ ഒന്നാം സമ്മാനം ഒന്നാം വർഷ ജേണലിസം വിദ്യാർത്ഥി ഹിബ. എന്നും രണ്ടാം സമ്മാനം രണ്ടാം വർഷ ജേണലിസം വിദ്യാർത്ഥി നാദിയ എ. കെയും കരസ്ഥമാക്കി. പരിപാടിയിൽ ഡിപ്പാർട്ട്മെന്റ് അധ്യാപകരായ ജിന്റ ലൂക്കയും ആതിര ഇ.കെ യും പങ്കെടുത്തു. രണ്ടാം വർഷ വിദ്യാർത്ഥി ലയ പി സ്വാഗതവും ഒന്നാം വർഷ വിദ്യാർത്ഥി ശ്രീപാർവതി നന്ദിയും പറഞ്ഞു.

## SET 2K23

കോളേജ് മാനേജ്മെന്റിന്റെയും ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ SET 2K23 എന്ന spiritual empowerment traning സംഘടിപ്പിച്ചു. 03.03.2023 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ ആരംഭിച്ച പ്രോഗ്രാം 04.03.2023 ശനിയാഴ്ച വൈകുന്നേരം 4 മണിയോടെ അവസാനിച്ചു. ഫാ.ജോജോ, ശ്രീ. ആന്റണി, ശ്രീ. ഷോണിറ്റ് എന്നിവരുടെ സാന്നിധ്യം ക്യാമ്പിനെ കൂടുതൽ ഊർജ്ജസ്വലമാക്കി. കോളേജിലെ ക്രിസ്ത്യൻ വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് നടത്തിയ പ്രോഗ്രാമിൽ മറ്റു വിദ്യാർത്ഥികളുടെ സാന്നിധ്യവും സഹകരണവും ക്യാമ്പിനെ അതിന്റെ പൂർണ്ണതയിലേക്ക് നയിച്ചു. ക്യാമ്പ് ഫയറിന് തിരികൊളുത്തിക്കൊണ്ട് കോളേജ് മാനേജർ ഫാദർ സജി മങ്ങരയിൽ ഉദ്ഘാടനം നിർവഹിച്ചു. അധ്യാപകരുടെയും ജീസസ് യൂത്ത് വോളണ്ടിയേഴ്സിന്റെയും സഹായവും സഹകരണങ്ങളും ക്യാമ്പിനെ വിജയത്തിലേക്ക് നയിച്ചു. വിദ്യാർത്ഥികളിൽ മൂല്യാധിഷ്ഠിത ജീവിതത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കി കൊടുക്കുന്ന ക്ലാസുകളോടും പ്രവർത്തനങ്ങളോടും ഒപ്പം ആത്മീയ ജീവിതത്തിന്റെ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രാപ്തമാകുന്ന വിശുദ്ധ കുർബാനയും കുമ്പസാരവും ആരാധനയും ഒരുക്കി. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി യുടെയും വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ അവലോകന ചടങ്ങോടുകൂടി ക്യാമ്പിന് സമാപനം കുറിച്ചു. വിദ്യാർത്ഥികളുടെ മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് ക്യാമ്പ് വഹിച്ച പങ്ക് വളരെ വലുതാണ്.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

ALPHA
Inspire to illumine

# ആൽഫ മരിയ അക്കാദമി

## ആൽഫ മരിയ അക്കാദമിയിൽ ജർമൻ ഭാഷാ പഠനം

തിരുവമ്പാടി ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ഏപ്രിൽ 17 ന് ആരംഭിക്കുന്ന ജർമ്മൻ ഭാഷാ പഠനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ (A1, A2, B1, B2) ആരംഭിച്ചിരിക്കുന്നു. ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾക്കനുസരിച്ചുള്ള പ്ലേസ് മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ് ടു അടിസ്ഥാന യോഗ്യത ഉള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്. ക്ലാസുകൾ കോഴിക്കോട്, കുന്ദമംഗലം ആൽഫ മരിയ അക്കാദമിയിലും തിരുവമ്പാടിയിലുള്ള ആൽഫ മരിയ അക്കാദമിയിലും നടത്തപ്പെടുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും.

## 2023-2024 ട്യൂഷൻ ക്ലാസ് അഡ്മിഷൻ

2023-24 അധ്യായന വർഷത്തെ ഹൈസ്കൂൾ വിഭാഗം (8,9,10) ക്ലാസുകളിലേക്കുള്ള ഹിന്ദി, ഇംഗ്ലീഷ്, കണക്ക്, സയൻസ് ട്യൂഷൻ ക്ലാസുകൾ 2023 ഏപ്രിൽ 3 മുതൽ ആരംഭിക്കുന്നു.

## പി.എസ്.സി പരിശീലനം

യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, സബ് ഇൻസ്പെക്ടർ, എൽ.ജി.എസ്, 10th മെയിൻ വേണ്ടിയുള്ള പി.എസ്.സി പരിശീലന ക്ലാസ്സുകൾ (ഓൺലൈൻ/ഓഫ്ലൈൻ) ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചിരിക്കുന്നു. 100 മണിക്കൂർ പരിശീലനം, ചിട്ടയായ പരീക്ഷ പരിശീലനം, മുൻകാല പരീക്ഷ ചോദ്യപേപ്പറുകളുടെ വിശകലനം. പരിചയ സമ്പന്നരായ ആധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

## നോലെഡ്ജ് ഫെസ്റ്റ് 2023 (UP & HS)

UP and HS വിദ്യാർത്ഥികൾക്കായുള്ള വെക്കേഷൻ ക്ലാസുകൾ (ഇംഗ്ലീഷ്, കണക്ക്, ഹിന്ദി) ഏപ്രിൽ മൂന്നാം തീയതി ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495-2252180, 7907028758, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ്ങ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും കൗൺസിലിങ്ങ് ക്ലാസ്സുകളും ഓഫ് ലൈനായും ഓൺലൈനായും നടക്കുന്നു. വർദ്ധിച്ചു വരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാൻ മാനസിക പിരുമുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം, ജാതി മത ഭേദമെന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ സംലഭ്യമാണ്. സൗജന്യ കൗൺസലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു.

കൗൺസലിംങ്ങിനായി കപ്പൂച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM Cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്)ന്റെ സേവനവും JPI യിൽ ലഭ്യമാണ്.

### അറിയിപ്പുകൾ

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്ന, രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുടെ കൗൺസിലിംഗ് സൈക്കോളജിയിൽ മാസ്റ്റർ ഡിഗ്രിയും (എം.എസ്.സി. ഇൻ കൗൺസിലിംഗ് സൈക്കോളജി ഓഫ് ലൈൻ ബാച്ച് & ഓൺലൈൻ ബാച്ച്)

കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻ ചെയറിന്റെ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് (ഓൺ ലൈൻ)

എന്നീ കോഴ്സുകളിലേക്കുമുള്ള പുതിയ ബാച്ചുകളുടെ രജിസ് ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവരും കൗൺ സിലിംഗ് സേവനം ആവശ്യമുള്ളവരും താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ബന്ധപ്പെടാനുള്ള നമ്പർ: 9496575018, 9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## പ്രോ-ലൈഫ് പതാക പ്രയാണം തിരുവമ്പാടിയിൽ

കെ.സി.ബി.സി. പ്രോ-ലൈഫ് സമിതിയുടെ ഈ വർഷത്തെ പ്രോ-ലൈഫ് ദിനാചരണത്തോടനുബന്ധിച്ച് നടത്തുന്ന പതാക പ്രയാണം തിരുവമ്പാടി തിരുഹൃദയ ദേവാലയത്തിൽ എത്തിച്ചേർന്നു. തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ പതാക ഏറ്റുവാങ്ങിയതിനുശേഷം പ്രോ-ലൈഫ് സന്ദേശം നൽകി. ജീവന്റെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന താമരശ്ശേരി രൂപതയിലെ പ്രോ-ലൈഫ് പ്രവർത്തകരെ വികാരിയച്ചൻ അനുമോദിച്ചു.

രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ, KCBC പ്രോ-ലൈഫ് സമിതി ട്രഷറർ ടോമി പ്ലാത്തോട്ടം, ആനിമേറ്റർ സി. റോസ് മരിയ എന്നിവർ പ്രസംഗിച്ചു. സി. ജോളി CMC, തോമസ് പുത്തൻപുരയിൽ, ജയ്സൺ കന്നുകുഴിയിൽ, മനോജ് കുഴിമണ്ണിൽ, ഷാജി പുളിയിലക്കാട്, AKCC പ്രസിഡണ്ട് ബെന്നി കിഴക്കേപറമ്പിൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് മാവേലിക്കരയിലെ പ്രോ-ലൈഫ് ദിനാഘോഷത്തിലേക്കുള്ള പ്രയാണത്തിനായി പതാക ടോമി പ്ലാത്തോട്ടത്തിന് നൽകി.

സംസ്ഥാന തലത്തിലും രൂപതാ തലത്തിലുമുള്ള പ്രോ-ലൈഫ് ദിനാഘോഷങ്ങളുടെ വിജയത്തിനായി 21.3.2023 ചൊവ്വാഴ്ച വൈകിട്ട് 9 മുതൽ 11.30 വരെ തിരുവമ്പാടി തിരുഹൃദയ ദേവാലയത്തിൽ വച്ച് നടത്തിയ ദിവ്യകാരുണ്യ ആരാധനയിലും ജപമാലയിലും നേതൃത്വം നൽകിയ വൈദികർക്കും സിസ്റ്റേഴ്സിനും രൂപതാ ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാ പ്രോ-ലൈഫ് പ്രവർത്തകർക്കും നന്ദി പറഞ്ഞു കൊള്ളുന്നു.

## പ്രോ-ലൈഫ് ദിനാഘോഷവും ഐഡന്റിറ്റി കാർഡ് വിതരണവും നടത്തി

പരിശുദ്ധ കന്യകാമറിയത്തിന്റെ മംഗളവാർത്ത ദിനമായ മാർച്ച് 25 ആഗോള കത്തോലിക്കാ സഭ പ്രോ-ലൈഫ് ദിനമായി ആചരിച്ചു. താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റും പ്രോ-ലൈഫ് ദിനം സാഘോഷം കൊണ്ടാടി. ഈ വർഷം ആഘോഷങ്ങൾ നടത്തപ്പെട്ടത് തിരുവമ്പാടി ഫൊറോന ദേവാലയത്തിൽ വച്ചാണ്. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ് ഘാടനം ചെയ്തു പ്രസംഗിച്ചു. തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ അധ്യക്ഷനായിരുന്നു. മരിയൻ പ്രോ-ലൈഫ് താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിൽ കെ.സി.ബി.സി

പ്രോ-ലൈഫ് സംസ്ഥാന സമിതി ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ ജനറൽ സെക്രട്ടറി ശ്രീമതി സിമിലി സുനിൽ രൂപതാ സെക്രട്ടറി ജോൺസൺ തെങ്ങും തോട്ടത്തിൽ ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് എസ്.എച്ച്, വൈസ് പ്രസിഡണ്ട്മാരായ ഡോ. ബെസ്റ്റി ജോസ്, എമ്മാനുവേൽ പുതുപ്പള്ളിതകടിയിൽ, തിരുവമ്പാടി മേഖലാ പ്രസിഡൻറ് തോമസ് പുത്തൻപുരയിൽ, മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, ബിജു കണ്ണഞ്ചിറ, ജയ്സൺ കന്നുകുഴിയിൽ, വില്യംസ് അമ്പാട്ട്, ബെന്നി കറുകമാലിൽ. തുടങ്ങിയവർ പ്രസംഗിച്ചു. തിരുവാമ്പാടി യൂണിറ്റ് അംഗങ്ങൾ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. തദവസരത്തിൽ ഈ രംഗത്ത് സ്തുത്യർഹമായ സേവനം നൽകിയ ഡോക്ടർ മിന്നു അരുൺ, ജയ്സൺ കന്നുകുഴിയിൽ എന്നിവരെ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആദരിച്ചു.പ്രോഗ്രാമിൽ പങ്കെടുത്ത 400 ൽ പരം കുടുംബങ്ങൾക്ക് സ്കൂൾ ബാഗും കുടയും സമ്മാനമായി നൽകി. കൂടാതെ പ്രോ-ലൈഫ് കുടുംബങ്ങളുടെ വ്യക്തിവിവരങ്ങൾ അടങ്ങുന്ന ഐഡന്റിറ്റി കാർഡും വിതരണം ചെയ്തു. സാമ്പത്തികമായി സഹായിക്കുന്നതിന്വേണ്ടി 'ജിയന്ന പ്രോ-ലൈഫ് ചാരിറ്റബിൾ ട്രസ്റ്റും' ഉദ്ഘാടനം ചെയ്യപ്പെട്ടു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് 400 ഓളം കുടുംബങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു.

**നന്ദി**

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആനി മേറ്ററായി നാല് വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു പുതിയ പ്രവർത്തന മേഖലയിലേക്ക് കടന്നുപോകുന്ന ബഹുമാനപ്പെട്ട സിസ്റ്റർ റോസ് മരിയ സി.എം.സി.ക്ക് താമരശ്ശേരി രൂപത കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനകളും എല്ലാ നന്മകളും നേരുന്നു.

**സ്വാഗതം**

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ പുതിയ ആനിമേറ്ററായി കടന്നുവന്നിരിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റർ മെറിൻ ജോസ് എസ്.എച്ച് ന് രൂപത പ്രോ-ലൈഫ് കുടുംബത്തിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു പ്രസ്തുത ഉത്തരവാദിത്വം ഏറ്റവും ഭംഗിയായി നിർവഹിക്കാൻ ദൈവം സിസ്റ്ററിനെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം വിത്ത് ബാങ്ക് ആരംഭിച്ചു

താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ അടങ്ങുന്ന വിത്തു ബാങ്കിന്റെ ഉദ്ഘാടനം കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അലക്സ് തോമസ് ചെമ്പകശ്ശേരി നിർവഹിച്ചു. ഇൻഫാമിന്റെ വിത്ത് ബാങ്ക് കേരള കർഷക ജനതയ്ക്ക് തന്നെ ഒരു മാതൃകയാണെന്നും വിത്ത് ബാങ്കിനോടൊപ്പം പച്ചക്കറി വിപണന കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും ഇൻഫാമിന് തുടങ്ങാൻ സാധിക്കട്ടെ എന്നും പ്രസിഡണ്ട് ആശംസിച്ചു. കാർഷിക സംസ്കാരം വളർത്തുന്നതിന് ഇൻഫാം നൽകുന്ന സംഭാവന മഹത്തരം ആണെന്ന് ശ്രീ. അലക്സ് തോമസ് അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. കോടഞ്ചേരി പതിനെട്ടാം വാർഡ് മെമ്പർ ശ്രീ. ആഗസ്തി വെട്ടിക്കാമലയിൽ, ഇൻഫാം താമരശ്ശേരി കാർഷിക ജില്ല പ്രസിഡൻറ് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, സെക്രട്ടറി ജോൺ കുന്നത്തേട്ട്, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ വർക്കിംഗ് സെക്രട്ടറി മാർട്ടിൻ തെങ്ങുംതോട്ടത്തിൽ വിവിധ കാർഷിക താലൂക്ക് പ്രസിഡണ്ടുമാർ, ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾ, വിവിധ കാർഷിക ഗ്രാമ പ്രതിനിധികൾ തെയ്യപ്പാറ ഇൻഫാം വനിതാ വിങ്ങ് അംഗങ്ങൾ എന്നിവർ അടങ്ങുന്ന കർഷക പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. വിവിധതരം പയർ, പാവൽ, വെണ്ട, വഴുതന, തക്കാളി, ചീര, വെള്ളരി, പടവലം, അടുതാപ്പ്, കത്തിപ്പയർ, പപ്പായ തുടങ്ങിയ നിരവധി വിത്തുല്പന്നങ്ങളാണ് വിപണനത്തിന് തയ്യാറായിരിക്കുന്നത് വിത്തുകൾ മൊത്തമായും ചില്ലറയായും തെയ്യപ്പാറ അഗ്രി ഫാമിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ 9447218586.

## ഇൻഫാം പുതുപ്പാടി കാർഷിക ഗ്രാമം

താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിലുള്ള പുതുപ്പാടി കാർഷിക ഗ്രാമം ഭരണസമിതി നിലവിൽ വന്നു. പുതുപ്പാടി പള്ളിയങ്കണത്തിൽ ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരയിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ താമരശ്ശേരി കാർഷിക ജില്ല പ്രസിഡൻറ് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ ഇൻഫാമിന്റെ നാനാവിധമായ പ്രവർത്തന മേഖലകളെ കുറിച്ചും ഭാവി സാധ്യതകളെക്കുറിച്ചും വിശദമായ ക്ലാസ് നൽകി സമ്മേള

നത്തിൽ പുതുപ്പാടി കാർഷിക ഗ്രാമം പ്രസിഡണ്ടായി ശ്രീ. ബസ്സി കുമ്പാട്ടിനെയും വൈസ് പ്രസിഡണ്ടായി തോമസ് കളപ്പുരയെയും സെക്രട്ടറിയായി സിബി മാനാട്ടിനെയും ജോയിൻറ് സെക്രട്ടറി ജോസ് പട്ടർക്കാലായിലിനെയും ട്രഷറർ സെബാസ്റ്റ്യൻ തെക്കയിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി ജോസ് വാഴശ്ശേരിയിൽ, ജെസ്സി തെക്കേപ്പുറം എന്നിവരെയും തിര ഞ്ഞെടുത്തു. ഇൻഫാമിന്റെ നവീന പ്രവർത്തനങ്ങൾ കർഷകർക്ക് പുതുജീവൻ നൽകുമെന്ന് പുതുപ്പാടി കാർഷിക ഗ്രാമം ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരയിൽ അഭിപ്രായപ്പെട്ടു

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## 1. ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം

താമരശ്ശേരി രൂപത റൂബി ജൂബിലിയോട് അനുബന്ധിച്ച് കെ.സി.വൈ.എം. എസ്.എം.വൈ.എം. യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം വിലങ്ങാട്, മരുതോങ്കര ഫൊറോനകളിലെ ദേവാലയങ്ങൾ പൂർത്തിയാക്കി. മാർച്ച് 1 ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാ വിന്റെ ആശിർവാദത്തോടുകൂടി രൂപതാ ഭവനിൽ നിന്നും യാത്ര ആരംഭിച്ച് വിലങ്ങാട് സെന്റ് ജോർജ് ഫൊറോന ദേവാലയത്തിൽ വികാരി ജനറൽ മോൺ ജോൺ ഒറവുങ്കരയുടെ ദിവ്യബലിയോടു കൂടെയാണ് പ്രയാണം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിശുദ്ധനായി അറിയപ്പെടുന്ന വാ. കാർലോ അകുിറ്റസ്, വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വി. ലൂയി മാർട്ടിൻ, സെലിഗ്വെരിൻ ദമ്പതികൾ, വി. പോൾ ആറാമൻ മാർപാപ്പ, തദ്ദേശീയ വിശുദ്ധരായ വി. അൽഫോൻസ, വി. മറിയം ത്രേസ്യ, വി. ചാവറയച്ചൻ, വി. എവുപ്രാസ്യാമ്മ, വി. ദേവസഹായം പിള്ള, വാ. കുഞ്ഞച്ചൻ, വാ. റാണി മരിയ എന്നിവരുടെ തിരുശേഷിപ്പുകൾ ആണ് സംവഹിക്കുന്നത്. ജൂലൈ അഞ്ചിന് പാറോപ്പടി ഫൊറോനയിൽ സമാപിക്കുന്ന പ്രയാണം നിലവിൽ വിലങ്ങാട് ഫൊറോനയിലെ 5 ഇടവകകളും മരുതോങ്കര ഫൊറോനയിലെ 12 ഇടവകകളും പിന്നിട്ട് കഴിഞ്ഞു.

'നമുക്ക് വിശുദ്ധരായി യുവജനങ്ങൾ വേണം, നമുക്ക് വിശുദ്ധരായി യുവജനങ്ങളെ വളർത്തുന്ന വിശുദ്ധ രായ മാതാപിതാക്കൾ വേണം, ദിവ്യകാരുണ്യ ഭക്തിയിലൂടെ വിശുദ്ധ രായി തീരുന്ന ദൈവജനം വേണം' എന്നീ മൂന്ന് ലക്ഷ്യങ്ങളാണ് തിരുശേഷിപ്പ് പ്രയാണത്തിന് ഉള്ളത്. ആഘോഷമായ വിശുദ്ധ കുർബാന, ഡോക്യുമെന്ററി പ്രദർശനം, ആത്മീയ സന്ദേശം, ദിവ്യകാരുണ്യ ആരാധന, ലദീഞ്ഞ്, തിരുശേഷിപ്പ് വന്ദനം, എക്സിബിഷൻ, ഹോളി കാരവാൻ സ്റ്റോൾ എന്നിവയും നടത്തപ്പെടുന്നു.

വിലങ്ങാട് ഫൊറോന വികാരി ഫാ. ബെന്നി മുണ്ടനാട്ട്, ഡയറക്ടർ ഫാ. ബിജോ പനച്ചിക്കൽ, മേഖല അനിമേറ്റർ സി. ആഗ്നസ് എസ്.എ.ബി.എസ്, മേഖല പ്രസിഡന്റ് അരുൺ ജോഷി, മേഖല സമിതി അംഗങ്ങൾ എന്നിവർക്കും മരുതോങ്കര ഫൊറോന വികാരി ഫാ. സിബി കളത്തൂർ, മേഖല ഡറക്ടർ ഫാ. റ്റിൽജോ പാറത്തോട്ടത്തിൽ, മേഖല അനിമേറ്റർ സി. ക്ലാരിസ് എം.എസ്.എം.ഐ, മേഖല പ്രസിഡന്റ് അബിൻ ആൻഡ്രൂസ്, മേഖല സമിതി അംഗങ്ങൾ, യൂണിറ്റ് അനിമേറ്റേഴ്സ് എന്നിവർക്കും രൂപത സമിതി അംഗങ്ങളായ അലീന സോജൻ, ദിയ, മെൽറ്റോ, റിച്ചാൾഡ് ജോൺ എന്നിവർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. വലിയ പിന്തുണയും സഹകരണവും നൽകിയ വിലങ്ങാട്, മരുതോങ്കര ഫൊറോനകളിലെ എല്ലാ വികാരിയച്ചൻമാർക്കും ഒരുപാട് നന്ദി.

### ഹോളി കാരവൻ ഏപ്രിൽ മാസത്തിൽ

ഏപ്രിൽ 10 മുതൽ കൂരാച്ചുണ്ട് ഫൊറോനയിൽ മുതുകാട് ഇടവകയിൽ തിരുശേഷിപ്പ് പ്രയാണം പുനരാരംഭിക്കുന്നു. കൂരാച്ചുണ്ട് ഫൊറോനയ്ക്ക് ശേഷം താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം, കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം, പാറോപ്പടി എന്നിങ്ങനെയായിരിക്കും മുന്നോട്ട് പോവുക. ബഹു. വികാരിയച്ചൻമാരുമായി സംസാരിച്ച് തിയ്യതികൾ ക്രമീകരിക്കുന്നതാണ്.

### മനം നിറയെ സ്നേഹം - പാർട്ട് 1

കക്കുകളിയിൽ കണ്ടതാണോ യാഥാർത്ഥ്യം? ക്രൈസ്തവ സന്യാസത്തെ അവഹേളിക്കുന്ന കക്കുകളി നാടകത്തിനെതിരെ പ്രതിഷേധം അറിയിച്ചുകൊണ്ട്, സ്വന്തം താല്പര്യങ്ങളെ ത്യജിച്ച് മറ്റുള്ളവർ ക്കായി ജീവിക്കുന്ന സന്യസ്തരുടെ ജീവിതത്തെ അടുത്തറിയാനും അറിയിക്കാനുമായി മാർച്ച് 18 ശനിയാഴ്ച താമരശ്ശേരി പുല്ലാഞ്ഞിമേട് യേശു ഭവനത്തിലെ ധർമ്മഗിരി സിസ്റ്റേഴ്സിനും അന്തേവാസികൾ ക്കും ഒപ്പം ചിലവഴിക്കുകയും സേവനങ്ങളെ സോഷ്യൽമീഡിയയിലൂടെ ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

### പ്രധിഷേധങ്ങൾ

മാർച്ച് 6 ന് തലശ്ശേരി ബ്രണ്ണൻ കലോത്സവവുമായി ബന്ധപ്പെട്ട് വിശുദ്ധ കുരിശിനെയും പവിത്രമായ വിശുദ്ധ കുമ്പസാരത്തെയും അപമാനിച്ച് കൊണ്ട് എസ്.എഫ്.ഐ സ്ഥാപിച്ച ഫ്ളക്സ് ബോർഡു കൾക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

### അഭിനന്ദനങ്ങൾ

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 2023 പ്രവർത്തന വർഷത്തെ ഫിനാൻഷ്യൽ ഓഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ട താമര ശ്ശേരി രൂപത പ്രസിഡണ്ട് അഭിലാഷ് കുടിപ്പാറയ്ക്ക് അഭിനന്ദനങ്ങൾ.

### അറിയിപ്പുകൾ

#### 1. ലീഡ് 2.0 – നേതൃപരിശീലന ക്യാമ്പ്

2023 ഏപ്രിൽ 13, 14 ദിവസങ്ങളിൽ കൈതപ്പൊയിൽ, ലിസ കോളേജിൽ വെച്ച് യൂണിറ്റ് ഭാരവാഹികൾക്ക് വേണ്ടി ലീഡ് 2.0 – നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുകയാണ്. ഇടവകയിലെ കെ.സി.വൈ.എം – എസ്.എം.വൈ.എം യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ജോയിന്റ് സെക്രട്ടറി, വൈസ് പ്രസി ഡന്റ് എന്നിവരെ നിർബന്ധമായും ക്യാമ്പിലേക്ക് പറഞ്ഞ് വിടണമെന്ന് അഭ്യർത്ഥി ക്കുന്നു. ഏതെങ്കിലും യൂണിറ്റ് എക്സിക്യൂട്ടീവ് അംഗത്തിനും പങ്കെടുക്കാൻ താത്പര്യമുണ്ടെങ്കിൽ പറഞ്ഞയക്കാവുന്നതാണ്. വ്യക്തിത്വ വികസനത്തിനും നേതൃപാഠവം വളർത്തുന്നതിനും പ്രസംഗചാതുര്യം വർദ്ധിപ്പിക്കുന്നതിനും സംഘടനയെയും സഭയെയും കൂടുതൽ അടുത്തറിയുന്നതിനും സഹായിക്കുന്ന സെഷനുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

### നിർദ്ദേശങ്ങൾ

1. രജിസ്ട്രേഷൻ ഫീ. 100 രൂപ
2. ടോയ്ലറ്റ് ഐറ്റംസ്, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.
3. 13 വ്യാഴാഴ്ച വൈകിട്ട് 4. 30 ന് രജിസ്ട്രേഷനോടുകൂടെ ആരംഭിക്കുന്നു. 5 മണിക്ക് പതാക ഉയർത്തൽ, ഉദ്ഘാടന സമ്മേളനം, തുടർന്ന് സെഷൻസ്. 14 വെള്ളയാഴ്ച വൈകിട്ട് 4 മണിയോടെ സമാപിക്കുന്നു.

#### 2. രൂപതാദിനം – യുവജന സംഗമം

മാർച്ച് 28 ന് കോടഞ്ചേരിയിൽ നടക്കുന്ന രൂപതദിനപരിപാടിയിൽ യൂണിറ്റിൽ നിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷ റർ എന്നിവരെ നിർബന്ധമായും അതൊടൊപ്പം മറ്റ് യുവജനങ്ങളെയും ഇടവക ടീമിനൊപ്പം കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബിജു തോണക്കര മെമ്മോറിയൽ അവാർഡുകൾ –** (മികച്ച യൂണിറ്റ്, മികച്ച പ്രവർത്തകൻ, പ്രവർത്തക)

ഈ വർഷം മുതൽ കെ സി വൈ എം എസ് വൈ എം താമരശ്ശേരി രൂപതയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന യൂണിറ്റിനും മികച്ച പ്രവർത്തകൻ, പ്രവർത്തക എന്നിവർക്കും അന്തരിച്ച മുൻ രൂപത വൈസ് പ്രസിഡന്റ് ശ്രീ. ബിജു തോണക്കരയുടെ സ്മരണാർത്ഥം മുൻകാല കെ സി വൈ എം ഭാരവാഹികളുടെ നേതൃത്വത്തിൽ ബിജു തോണക്കര മെമ്മോറിയൽ എക്സലൻസ് അവാർഡുകൾ നൽകുന്നതിനായി ആഗ്രഹിക്കുന്നു. ഇതിനായി യൂണിറ്റുകളുടെ ഔദ്യോഗികമായ റിപ്പോർട്ട് ബുക്കുകൾ മേഖല ഡയറക്ടർ മുഖേന ഏപ്രിൽ 15 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. രൂപതയുടെ ഔദ്യോഗികമായ റിപ്പോർട്ട് ബുക്കിൽ എഴുതിയതും പൂർണ്ണമായി എഴുതിയതുമായ റിപ്പോർട്ട് ബുക്കുകളേ വിലയിരുത്തലിന് പരിഗണിക്കുകയുള്ളൂ. ഒരു മേഖലയിൽ നിന്നും മികച്ച രണ്ട് യൂണിറ്റുകളെയാണ് രൂപതയിലേക്ക് നോമിനേറ്റ് ചെയ്യേണ്ടത്. മികച്ച പ്രവർത്തകൻ, പ്രവർത്തകയ്ക്കുള്ള നാമനിർദ്ദേശങ്ങളും താഴെ നൽകിയിരിക്കുന്ന പ്രകാരം നൽകേണ്ടതാണ്.

**മാനദണ്ഡങ്ങൾ, നിർദ്ദേശങ്ങൾ**

1. 2020 – 23 കാലഘട്ടത്തിൽ കെ സി വൈ എം – എസ് എം വൈ എം പ്രസ്ഥാനത്തിൽ സജീവ പ്രവർത്തകൻ/ പ്രവർത്തക ആയിരിക്കണം.
2. കുറഞ്ഞത് 3 വർഷത്തെ പ്രവർത്തനകാലയളവ് ഉള്ള ആളായിരിക്കണം.
3. കെ സി വൈ എം ന് നൽകിയ സമഗ്ര സംഭാവനകൾ കൃത്യമായി രേഖപ്പെടുത്തി നൽകേണ്ടതാണ്.
4. വികാരിയച്ചന്റെയും ഫൊറോന ഡയറക്ടറുടെയും പിന്തുണയും അഭിപ്രായവും രേഖപ്പെടുത്തിയ കത്ത് നൽകേണ്ടതാണ്.
5. യൂണിറ്റ് – ഫൊറോന – രൂപത – സംസ്ഥാന തലങ്ങളിൽ പ്രവർ ത്തിച്ചവർക്ക് ആനുപാതികമായ പോയിന്റ് നൽകുന്നതായിരിക്കും.
6. സമുദായത്തിലും പൊതുസമൂഹത്തിലും സമ്മതനായ/സമ്മതയായ വ്യക്തിയായിരിക്കണം. സമുദായത്തിനും സമൂഹത്തിനും നൽകിയിട്ടുള്ള സംഭാവനകളോ, നേതൃത്വമോ, സഹായങ്ങളോ, സംഘാടനങ്ങളോ, നേട്ടങ്ങളോ ഉണ്ടെങ്കിൽ നോമിനേഷനിൽ സൂചിപ്പിക്കേണ്ടതാണ്.
7. നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയുടെ പൂർണ്ണവിവരങ്ങളും അദ്ദേഹത്തെ പിന്തുണയ്ക്കുന്ന രണ്ടുപേരുടെയും വിവരങ്ങൾ പ്രസ് തുത ഫോമിൽ നൽകേണ്ടതാണ്. നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയുടെ ഫോട്ടോയും ചേർക്കേണ്ടതാണ്.

8. ഏപ്രിൽ മാസം 15 ന് മുമ്പ് നാമനിർദ്ദേശങ്ങൾ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. വിദഗ്ദമായ പരിശോധനകൾ നടത്തി രൂപത അഡ് ഹോക് കമ്മറ്റിയായിരിക്കും അവാർഡ് ജേതാവിനെ തീരുമാനിക്കുന്നത്. മികച്ച യൂണിറ്റിന് 5000 രൂപയും എവർറോളിങ് ട്രോഫിയും പ്രശസ്തി പത്രവും നൽകുന്നു. മികച്ച പ്രവർത്തകനും പ്രവർത്തകയ്ക്കും 5000 രൂപയും മെമന്റോയും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും.

## 3. മാർ മങ്കുഴിക്കരി സ്മാരക മലബാർ മേഖല വോളിബോൾ ടൂർണ്ണമെന്റ്

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ സ്മരണാർത്ഥം സംഘടിപ്പിച്ചു വരുന്ന രണ്ടാമത്, മലബാർ മേഖല വോളിബോൾ ടൂർണമെന്റ്, 2023 ഏപ്രിൽ 15, 16 – ശനി, ഞായർ തിയ്യതികളിലായി വെറ്റിലപ്പാറ മാർ പോൾ ചിറ്റിലപ്പിള്ളി സ്മാരക ഫ്ളഡ് ലിറ്റ് സ്റ്റേഡിയത്തിൽ വെച്ച് നടത്തപ്പെടുന്നു. മലബാറിലെ 6 രൂപതകളിൽ നിന്നുള്ള ടീമുകളെ ഈ കായിക മാമാങ്കത്തിലേക്ക് സ്വാഗതം ചെയ്യുന്നു. ഒന്നാം സമ്മാനമായി 20001 രൂപയും ട്രോഫിയും, രണ്ടാം സമ്മാനമായി 15001 രൂപയും ട്രോഫിയും മൂന്നാം സമ്മാനമായി 10001 രൂപയും ട്രോഫിയും നാലാം സമ്മാന മായി 5001 രുപയും നൽകുന്നു. ഇടവക തലങ്ങളിലേക്ക് ഈ അറിയിപ്പ് നൽകുമല്ലോ, മികച്ച ടീമുകളെ പറഞ്ഞയക്കുമല്ലോ.

### നിബന്ധനകൾ

1. മലബാറിലെ 6 രൂപതകളിൽ ഉൾപ്പെടുന്ന ഇടവകകളിൽ നിന്നായിരിക്കണം ടീമുകൾ രൂപീകരിക്കേണ്ടത്. ഇടവകയുടെ പേരിലായിരിക്കണം ടീമുകൾ അറിയപ്പെടേണ്ടത്. പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല.
2. ഒരു ഇടവകയുടെ പേരിൽ പരമാവധി 2 ടീമുകളെ മത്സരിപ്പിക്കാവുന്നതാണ്. പ്രായ പരിധി ഉണ്ടായിരിക്കുന്നതല്ല. ഇടവകയിലെ വൈദികർക്ക് ടീമിൽ മത്സരിക്കാവുന്നതാണ്.
3. ടീമിലേക്ക് ഇടവകയ്ക്ക് പുറത്തു നിന്ന് ജാതിമതഭേതമെന്യേ 3 കളിക്കാരെ ഉൾപ്പെടുത്താവുന്നതാണ്. മറ്റുള്ള ടീം അംഗങ്ങൾ അതേ ഇടവകാംഗങ്ങൾ തന്നെയായിരിക്കണം. ടീം മാനേജർ, ക്യാപ്റ്റൻ എന്നിവർ പ്രസ്തുത ഇടവകക്കാർ ആയിരിക്കണം. ഏതെങ്കിലും തരത്തിലുള്ള പരാതികളുയർന്നാൽ ഇടവക സംബന്ധിക്കുന്നതും വ്യക്തിവിവരങ്ങൾ അടങ്ങിയതുമായ രേഖകൾ സമർപ്പിക്കേണ്ടതാണ്.
4. ഇടവകയിൽ നിന്ന് മത്സരിക്കുന്നവരുടെയും പുറത്തുനിന്ന് മത്സരിക്കുന്നവരുടെയും പേരുവിവരങ്ങൾ വേർതിരിച്ച് എഴുതിയ ഇടവക വികാരിയുടെ ഔദ്യോഗികമായ കത്ത് രജിസ്ട്രേഷൻ സമയത്ത് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടീമുകൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

5. രജി. ഫീ. 1500 രൂപ. – ക്വാർട്ടർ ഫൈനൽ വരെ എത്തി പുറത്താകുന്ന ടീമുകൾക്ക് 500 രൂപ തിരികെ നൽകുന്നതായിരിക്കും.
6. ടീമുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം എതിർടീമിന് വാക്ക് ഓവർ നൽകുന്നതായിരിക്കും. റഫറിമാരുടെ തീരുമാനം അന്തിമമായിരിക്കും. ടൂർണ്ണമെന്റിന്റെ സുഗമമായ നടത്തിപ്പിനായി പ്രോഗ്രാം ഷെഡ്യൂളുകളിലും അനുബന്ധമായ നിയമങ്ങളിലും ഭേദഗതികൾ വരുത്തുവാൻ സംഘാടക സമിതിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.
7. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെതന്നിരിക്കുന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 24 ടീമുകൾക്കാണ് അവസരം ലഭിക്കുക. രജി. ചെയ്യേണ്ട നമ്പർ, ജസ്റ്റിൻ സൈമൺ : 9747452574

## 4. AVIV 2K23 യുവജന കൺവെൻഷൻ

എം എസ് എം ഐ – കോഴിക്കോട് ഗത്സെമൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കെ സി വൈ എം – എസ് എം വൈ എം താമരശ്ശേരി രൂപതയും രൂപത മതബോധന ഡിപ്പാർട്ട്മെന്റും സംയുക്തമായി സംഘടിപ്പിക്കുന്ന AVIV2K23 യുവജന കൺവെൻഷൻ 2023 ഏപ്രിൽ 20 വ്യാഴം മുതൽ 23 ഞായർ വരെ കോഴിക്കോട് ഗത്സെമൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തുകയാണ്. താമരശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, കോഴിക്കോട് രൂപതയുടെ മെത്രാൻ മാർ വർഗീസ് ചക്കാലക്കൽ, ഫാ. ഷാജി തുമ്പേച്ചിറയിൽ, ഫാ. ബോസ്കോ ഞാളിയത്ത്, ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ഫാ. രാജേഷ് പള്ളിയ്ക്കാവയലിൽ, സി. ഡെൽസി ഫിലിപ്പ് MSMI, ഡോ.സി. പ്രസിന MSMI, സി. ജെസ്‌ലിൻ റോസ് MSMI, ബ്ര. ജോർജ്ജ് ജോസഫ്, എന്നിവരുമാണ് നേതൃത്വം നൽകുന്നത്. യുവജനങ്ങളെ ആത്മീയതയിൽ ഉണർത്തുന്ന ഈ കൺവെൻഷനിലേക്ക് ഇടവകയിൽ നിന്ന് പരമാവധി യുവജനങ്ങളെ പറഞ്ഞയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏറ്റവും കുറഞ്ഞത് 5 പേരെ പറഞ്ഞയക്കുമല്ലോ.

### നിർദേശങ്ങൾ

1. 2023 ഏപ്രിൽ 20, വ്യാഴാഴ്ച്ച രാവിലെ 9 am ന് കൺവൻഷൻ ആരംഭിച്ച് ഏപ്രിൽ 23 ഞായറാഴ്ച്ച ഉച്ചക്ക് 2 pm ന് സമാപിക്കുന്നു.
2. രജിസ്ട്രേഷൻ ഫീസ് 100 രൂപ മാത്രം. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി മാർച്ച് 31.

   ഏപ്രിൽ 20 വ്യാഴാഴ്ച, രാവിലെ 8 am ന് സ്പോട് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.
3. 16 വയസു മുതൽ 25 വയസു വരെയുള്ളവർക്കാണ് മുൻഗണന.
4. സമ്പൂർണ ബൈബിൾ, ജപമാല, നോട്ടുബുക്ക്, പേന എല്ലാവരും കൊണ്ടുവരേണ്ടതാണ്.

5. Bed sheet, പുതപ്പ് തുടങ്ങിയ നിത്യോപയോഗ സാധനങ്ങളും, സ്ഥിരമായി കഴിക്കുന്ന മരുന്നുകളും എടുക്കേണ്ടതാണ്.

5. രജിസ്ട്രേഷൻ ഫോമുകൾ കെ സി വൈ എം മേഖല ഭാരവാഹികൾ മുഖേന ശേഖരിക്കുന്നതാണ്.

ഇത് സംബന്ധിച്ച പള്ളിയിൽ അറിയിപ്പ് നൽകുമല്ലോ.

### 5. രൂപതാതല കുരിശിന്റെ വഴി

കഴിഞ്ഞ 10 വർഷത്തോളമായി നടത്തിവരുന്ന രൂപതാതല കുരിശിന്റെ വഴി ഏപ്രിൽ 1 ശനിയാഴ്ച രാവിലെ 9 മണിക്ക് ചാത്തൻകോട്ടുനടയിൽ നിന്ന് ആരംഭിച്ച് 11. 30 ന് പൊയ്ലോംചാലിൽ എത്തിച്ചേരുന്നു. തുടർന്ന് വി. കുർബാന, നേർച്ചകഞ്ഞിവിതരണം എന്നിവയോടുകൂടെയാണ് സമാപിക്കുന്നത്. മരുതോങ്കര മേഖലയുടെ നേതൃത്വത്തിൽ നടത്തുന്ന കുരിശിന്റെ വഴിയിലേക്ക് പരമാവധി യുവജനങ്ങളെയും ദൈവജനത്തെയും പറഞ്ഞയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 6. അത്ലറ്റിക്കോസ് കായിക മത്സരങ്ങൾ

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടത്തിവരുന്ന അത്ലറ്റിക്കോസ് - സ്പോർട്സ് മത്സരങ്ങളുടെ ഉദ്ഘാടനം ഏപ്രിൽ 23 ന് നടത്തപ്പെടുന്നു. ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ മത്സരങ്ങളാണ് രൂപതതലത്തിൽ നടത്തുന്നത്. ഇടവകകളിൽ നിന്നും 15-25 പ്രായപരിധിയുള്ള കുട്ടികളടങ്ങിയ ടീമുകൾക്ക് മത്സരിക്കാൻ അവസരമുണ്ട്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സൊസൈറ്റിയുടെ രൂപതാ സെമിനാർ മാർച്ച് 11-ാം തീയതി ശനിയാഴ്ച പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന പള്ളി പാരീഷ് ഹാളിൽവച്ച് നടത്തുകയുണ്ടായി.

ഭാരവാഹികളെ മാത്രം ഉദ്ദേശിച്ച് നടത്തിയ സെമിനാറിൽ ഏകദേശം നാനൂറ് പേർ പങ്കെടുത്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ രൂപത അദ്ധ്യാത്മിക ഉപദേഷ്ടാവായ പെരിയ ബഹു. തോമസ് നാഗപറമ്പിലച്ചൻ ആണ് സെമിനാർ ഉദ്ഘാടനം ചെയ്തത്.

സെൻട്രൽ കമ്മറ്റി പ്രസിഡന്റ് അദ്ധ്യക്ഷനായ ചടങ്ങിൽ, പാറോപ്പടി വികാരി പെരിയ ബഹു. ജോസഫ് കളരിക്കലച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തിയ സെമിനാറിൽ, സാന്തോം പ്രൊവിൻസ്, മദർ സുപ്പീരിയർ ബഹുമാനപ്പെട്ട സിസ്റ്റർ എൽസീന ജോൺ ആശംസകൾ അർപ്പിച്ചു.

വിൻസെൻഷ്യൻ പ്രവർത്തകർ സമൂഹത്തിൽ എപ്രകാരമായിരിക്കണം, ആത്മീയ ചൈതന്യം സമൂഹത്തിലേക്ക്, പ്രത്യേകിച്ച പാവപ്പെട്ടവരിലേക്ക് എങ്ങനെ കൈമാറ്റം ചെയ്യണമെന്നും രണ്ടുമണിക്കൂർ സമയത്തെ ക്ലാസ്സിലൂടെ വിൻസെഷ്യൻ പ്രവർത്തകർക്ക് അഡ്വ. ലിറ്റോ പാലത്തിങ്കൽ വിശദീകരിച്ചു നൽകി.

മരുതോങ്കര ഏരിയ കൗൺസിൽ വാർഷിക സമ്മേളനം 18-ാം തീയതി നടത്തുകയുണ്ടായി. മരുതോങ്കര ഫൊറോന വികാരി പെരിയ ബഹു. ജോർജ്ജ് കളത്തൂർ അച്ചൻ ഉദ്ഘാടനം ചെയ്ത സെമിനാറിൽ, പശുക്കടവ് ഇടവക വികാരി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പാറത്തോട്ടത്തിലച്ചൻ അദ്ധ്യക്ഷനായിരുന്നു. മാനന്തവാടി രൂപത മുൻ സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കത്തിരിയാണ് ക്ലാസ്സ് എടുത്തത്.

തിരുവമ്പാടി ഏരിയ കൗൺസിൽ വാർഷിക സെമിനാർ 18-ാം തീയതി സെന്റ് ജോസഫ് പുല്ലൂരാംപാറ പള്ളിയിൽ നടത്തുകയുണ്ടായി. പെരിയ ബഹു. തോമസ് നാഗപറമ്പിലച്ചൻ ഉദ്ഘാടനം നിർവ്വഹിച്ച സെമിനാറിൽ, രൂപത സെൻട്രൽ കൗൺസിൽ പ്രസിഡന്റ് അദ്ധ്യക്ഷനായിരുന്നു. ബഹുമാനപ്പെട്ട ജോസ് മുളങ്ങാട്ടിൽ എംസിബിഎസ് അച്ചനായിരുന്നു ക്ലാസ്സ് എടുത്തത്. പുല്ലൂരാംപാറ ഇടവക വികാരി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുരയിടത്തിൽ, മുൻ സി.സി പ്രസിഡന്റ് ബ്രദർ തോമസ് കൊച്ചുപ്ലാക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**

CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

ഈശോയിൽ സ്നേഹം നിറഞ്ഞ ആനിമേറ്റേഴ്സ്, പ്രിയ കുഞ്ഞുമക്കളേ, എല്ലാവർക്കും സമാഗതമായ ഉയിർപ്പു തിരുനാളിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു. കൂട്ടുകാരുടെ പരീക്ഷ കഴിഞ്ഞു, നല്ലൊരവധിക്കാലമാകുന്നു. അവധിക്കാലത്തെ ക്രിസ്റ്റീൻ പ്രോഗ്രാമുകൾ ആനിമേറ്റർ വഴി നിങ്ങളെ അറിയിക്കുന്നതാണ്.

**എൽ–റോയ് 2023**

ക്രിസ്റ്റീൻ ആനിമേറ്റേഴ്സിനുവേണ്ടിയുള്ള എൽ–റോയ് 2023 ഫോർമേഷൻ പ്രോഗ്രാം, കരുവാരകുണ്ട്, മലപ്പുറം, പെരിന്തൽമണ്ണ സബ്സോണുകൾക്കുവേണ്ടി പെരിന്തൽമണ്ണയിലും കൂരാച്ചുണ്ടിനുവേണ്ടി കൂരാച്ചുണ്ടിലും കോഴിക്കോട് സിറ്റി സബ്സോണിനുവേണ്ടി പി.എം.ഒ.സി യിലും തിരുവമ്പാടി, തോട്ടുമുക്കം, കോടഞ്ചേരി, താമരശ്ശേരി സബ്സോണുകൾക്കുവേണ്ടി താമരശ്ശേരിയിലും മരുതോങ്കര, വിലങ്ങാട് സബ്സോണുകൾക്കുവേണ്ടി മരുതോങ്കര വച്ചും നടത്തി.

പെരിന്തൽമണ്ണയിൽ ഫാ. ജിൽസ് കാരികുന്നേലും കൂരാച്ചു ണ്ടിൽ ഫാ. ആൽബിൻ കോയിപ്പുറത്തും പി.എം.ഒ.സി യിലും താമരശ്ശേരിയിലും ഫാ. സൈമൺ വള്ളോപ്പിള്ളിയും മരുതോങ്കരയിൽ ഫാ. ജോർജ്ജ് കളത്തൂരും ഫോർമേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കൂരാച്ചുണ്ടിൽ ഫാ. വിൻസെന്റ് കറുകമാലിൽ സ്വാഗതം ആശംസിച്ച് സംസാരിച്ചു. താമരശ്ശേരിയിൽ ഫാ. നിർമ്മൽ പുലയൻപറമ്പിൽ വിശുദ്ധകുർബാന അർപ്പിച്ച് സന്ദേശം നൽകി. ബെന്നിച്ചൻ കറുകമാലിൽ, ആന്റണി ചൂരപൊയ്ക, സി. ലിനി എംഎസ്എംഐ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

പരീക്ഷക്കാലമായ മാർച്ച് മാസം കുട്ടികളുടെയും മാതാപിതാക്കളുടെയും തീക്ഷ്ണമായ പ്രാർത്ഥനയുടെ കാലമാണ്. എല്ലാം പഠിപ്പിക്കുന്ന പരിശുദ്ധാത്മാവിൽ നിറയുവാൻ ആഗ്രഹിച്ചും വലിയ നോമ്പിന്റെ ചൈതന്യത്തിൽ നിറയുവാൻ ആഗ്രഹിച്ചും ബഥാനിയായിലെ ശുശ്രൂഷകളിൽ പങ്കെടുക്കുവാനും വ്യക്തിപരായി പ്രാർത്ഥിച്ച് അഭിഷേകം നിറയുവാനും അനേകർ ബഥാനിയായിലേക്ക് കടന്നുവരുന്നു.

## ഏകദിനകൺവെൻഷൻ

മാർച്ച് മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. രാവിലെ മുതൽ കൂട്ടംകൂട്ടമായികടന്നുവരുന്നവർ പരിത്യാഗത്തിന്റെ ചൈതന്യമുൾക്കൊണ്ടാണ് വെള്ളിയാ ഴ്ച ശുശ്രൂഷയിൽ പങ്കെടുക്കുന്നത്. കുമ്പസാരിക്കുവാനായി കടന്നുവരുന്ന അനേകരുടെ നീണ്ടനിര ചാപ്പലിൽ കാണാമായിരുന്നു.

മാർച്ച് 3-ാം തീയതി ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. അന്നത്തെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് താമരശ്ശേരി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവായിരുന്നു. ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ദിവ്യകാരുണ്യനാഥനെ കൈകളിലേന്തി ജനമദ്ധ്യത്തിലൂടെ എഴുന്നള്ളിച്ചതും സഭയുടെ ഔദ്യോഗിക ഡെലിവറൻസ് ശുശ്രൂഷ പ്രാത്ഥനചൊല്ലിയതും അഭിവന്ദ്യ പിതാവായിരുന്നു. നിറഞ്ഞ മനസ്സോടെയാണ് ജനസമൂഹം ഈ ശുശ്രൂഷയിൽ പങ്കെടുത്തത്.

രാവിലെ 9 മണിക്ക് ആരംഭിച്ച ശുശ്രൂഷയിൽ വി. മിഖായേൽ മാലാഖയോടുള്ള നൊവേന, വി. കുരിശിന്റെ വഴി, ജപമാല, ഗാനശുശ്രൂഷ, ദിവ്യകാരണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വചനസന്ദേശം, വി. കുമ്പസാരം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു.

## ധ്യാനങ്ങൾ

ഈ മാസത്തെ താമസിച്ചുള്ള ധ്യാനം 10-ാം തീയതി മുതൽ 13-ാം തീയതി വരെയായിരുന്നു. നോമ്പുകാലത്ത് ധ്യാനിക്കുവാൻ ആഗ്രഹിച്ച് വന്നവരായിരുന്നു, ഈ ധ്യാനത്തിൽ പങ്കെടുത്തവരിൽ ഏറെയും. ഡെലിവറൻസ് ശുശ്രൂഷയ്ക്ക്

പ്രാധാന്യം കൊടുത്ത് ഒരുക്കിയിരുക്കുന്ന ധ്യാനം അനേകർക്ക് അനുഗ്രഹത്തിന് കാരണമാകുന്നു. ബഥാനിയായിലെ ധ്യാനങ്ങൾ ഇപ്പോൾ സൗജന്യമായാണ് നടത്തുന്നത്.

### ഇടവകധ്യാനങ്ങൾ

ഈ മാസം മാനന്തവാടി രൂപതയിലെ കബനിഗിരി, വാഴവറ്റ, താമരശ്ശേരി രൂപതയിലെ ചക്കിട്ടപ്പാറ, വാലില്ലാപ്പുഴ എന്നീ നാല് ഇടവകകളിലെ വാർഷിക ധ്യാനങ്ങൾ ബഥാനിയ ടീം നയിച്ചു. എല്ലാ ഇടവകകളിലേയും ബഹു വികാരി യച്ചന്മാരും ഇടവകാ ജനവും നല്ല രീതിയിൽ സഹകരിക്കുകയും ധ്യാനം വിജയ പ്രദമാകുകയും ചെയ്തു. ധ്യാനത്തോടനുബന്ധിച്ച് സ്പിരിചൽ ഷെയറിങ്ങ് ഒരു ക്കിയത് അനേകർക്ക് ആശ്വാസത്തിന് കാരണമായി.

### നോമ്പുകാല ശുശ്രൂഷകൾ

വലിയ നോമ്പിന്റെ ഭാഗമായി ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും മൂന്നു വി. കുർബാനകൾ ബഥാനിയായിൽ അർപ്പിക്കപ്പെടുന്നു. എല്ലാ വി. കുർബാനക ളോടനുബന്ധിച്ച് വി. കുരിശിന്റെ വഴി പ്രാർത്ഥനയും നടത്തുന്നു. ഏറെ ത്യാഗമ നോഭാവത്തോടെ കുരിശിന്റെ വഴി വ്യക്തപരമായും കൂട്ടമായും നടത്തുന്ന അനേ കരെ കുരിശിന്റെ വഴി ഗാർഡനിൽ കാണാൻ കഴിയുന്നു. ഏറെ വിശ്വാസത്തോ ടെയും ഭക്തിയോടെയുമാണ് ആളുകൾ ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നത്.

### സ്പിരിചൽ ഷെയറിങ്ങ്

എല്ലാ ബുധനാഴ്ചകളിലും വെള്ളിയാഴ്ചകളിലും ബഥാനിയയിൽ സ്പിരിചൽ ഷെയറിങ്ങ് ഉണ്ടായിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച ബഹു. സിസ്റ്റേഴ്സും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്. നിരവധിയായ പ്രശ്ന ങ്ങളാൽ അസ്വസ്ഥരാകുന്ന അനേകർക്ക് ഈ ശുശ്രൂഷ ആശ്വാസത്തിന് കാരണ മാകുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും ബഥാനിയായിൽ നിന്ന് ലോകത്തിനുവേണ്ടിയും സഭ യ്ക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥനകൾ ഉയരുന്നു. ബഥാനിയായിൽ സമർപ്പി ക്കുന്ന നിയോഗങ്ങൾക്കായി പ്രത്യേക പ്രാർത്ഥനകൾ ഉണ്ട്. തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് ഈ പ്രാർത്ഥനകൾ നയിക്കുന്നത്.

### ഏപ്രിൽമാസ ശുശ്രൂഷകൾ

| | | |
|---|---|---|
| 02 ഞായർ | – | ഓശാന ഞായർ, ജീവിത വിശുദ്ധീകരണ ധ്യാനം |
| 07 വെള്ളി | – | ദുഃഖവെള്ളി |
| 14 വെള്ളി | – | ഏകദിന കൺവെൻഷൻ |

| | | |
|---|---|---|
| 15-18 | - | 4,5,6,7,8 ക്ലാസ്സുകളിലെ കുട്ടികൾക്ക് ധ്യാനം നയിക്കുന്നത് - ജോർജ്ജാനിയ ടീം, തൃശ്ശൂർ |
| 21 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 23-26 | - | 8,9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ധ്യാനം. നയിക്കുന്നത് |
| | - | സസ്നേഹം ടീം, കറുകുറ്റി |
| 28 വെള്ളി | - | ഏകദിന കൺവെൻഷൻ |
| | | ജീവിതവിശുദ്ധീകരണ ധ്യാനം (28-മെയ് 1) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## കാർഷിക സെമിനാർ

സി.ഒ.ഡി. യുടെ നേതൃത്വത്തിൽ പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹകരണത്തോടെ പുതുപ്പാടി ഗ്രാമ വികസന സമിതി കാർഷിക സെമിനാർ സംഘടിപ്പിച്ചു. മൃഗ സംരക്ഷണം കാർഷിക മേഖലയുടെ സാദ്ധ്യതകൾ, ലാഭകരമായ രീതിയിൽ കൃഷിയെ മാറ്റുന്നതിനുള്ള പദ്ധതികൾ, വരുമാനവർദ്ധനവിനും, ആരോഗ്യസംരക്ഷണത്തിനും സംയോജിത കൃഷിയുടെ ആവശ്യകതയെക്കുറിച്ചും ക്ലാസ് എടുത്തു. കെ.വി.കെ. യിലെ വെറ്റിനറിസർജൻ ഡോ. ഷണ്മുഖവേൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സി.ഒ.ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ്, ഗ്രാമ വികസന സമിതി സെക്രട്ടറി ഡെയ്സി ജോയ് എന്നിവർ സംസാരിച്ചു.

## വിപണന മേള

കൂരാച്ചുണ്ട് ഗ്രാമവികസന സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ 25/02/2023 കാരിയാത്തുംപാറയിൽവച്ച് കാർഷിക വിപണന മേള നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ ജി.വി.എസ്. പ്രസിഡന്റ് ശ്രീമതി ഇന്ദിര മുരളി ഉദ്ഘാടന കർമ്മം നിർവഹിച്ചു. സി.ഒ.ഡി. ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. കാരിയാത്തുംപാറ MCC സെക്രട്ടറി ശ്രീ. മാത്യു ആന്റോ ആശംസ അർപ്പിച്ചു. സംഘം അംഗങ്ങളുടെ വിവിധ തരത്തിലുള്ള ഉല്പന്നങ്ങൾ, പലഹാരങ്ങൾ, പായസം, തുടങ്ങിയവ മേളയിൽ വിൽക്കപ്പെട്ടു. ടോം അലക്സ് നന്ദി അർപ്പിച്ചു.

## ജെ.എൽ.ജി. വായ്പ പുതുക്കൽ

കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ വിള കൃഷിക്കായി കനറാബാങ്ക് മുഖേന സി.ഒ.ഡി. യുടെ നേതൃത്വത്തിൽ 328 കർഷകർക്കായി വിതരണം ചെയ്ത 2 കോടി 48 ലക്ഷം രൂപയുടെ വായ്പ പുതുക്കി. ചെമ്പനോട, കോടഞ്ചേരി, പുല്ലൂരാംപാറ എന്നീ സ്ഥലങ്ങളിൽ വച്ച് ബാങ്ക് അധികൃതരുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തി. സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, സി.ഒ.ഡി.പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ക്യാൻസർ ദിനാചരണം

ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണ സെമിനാർ നടത്തി. കോടഞ്ചേരി ഗ്രാമവികസനസമിതിയുടെ നേതൃത്വത്തിൽ കോടഞ്ചേരി പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തിയ സെമിനാറിന്റെ ഉദ്ഘാടന കർമ്മം കോടഞ്ചേരി ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ നിർവഹിച്ചു. കോടഞ്ചേരി ഹെൽത്ത് സെന്റർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഷിജു പി. ജേക്കബ് ക്ലാസ്സിനു നേതൃത്വം നല്കി. സി.ഒ.ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി. മുഖ്യപ്രഭാഷണം നടത്തി. കോടഞ്ചേരി ഗ്രാമപഞ്ചായത്തു 20- ാം വാർഡ് മെമ്പർ റീന സാബു, ഗ്രാമ വികസന സമിതി പ്രസിഡന്റ് റോസമ്മ സിറിയക്, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ സോളി ബെന്നി എന്നിവർ സംസാരിച്ചു. കോടഞ്ചേരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നായി 60 പേർ സെമിനാറിൽ പങ്കെടുത്തു.

പരിയാപുരം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിയാപുരം ഹൈസ്കൂളിൽ വച്ച് ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി ബോധവത്കരണ സെമിനാർ നടത്തി. ജി.വി.എസ്. അംഗവും നഴ്സുമായ റീന ഫ്രാൻസിസ് ക്ലാസ് നയിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ സ്വാഗതവും. ഷൈനി സുനിൽ നന്ദിയും പറഞ്ഞു.

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ക്യാൻസർ ദിനത്തോടനുബന്ധിച്ചു ക്ലാസ് നടത്തി. വെറ്റിലപ്പാറ PHC ഡോ. ഷാഹിന ക്യാൻസറിനെ ക്കുറിച്ചു ക്ലാസ് എടുത്തു. മേഴ്സി ജെയിംസ് സ്വാഗതവും സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി അധ്യക്ഷതയും വഹിച്ചു.

## പച്ച മരുന്ന് നിർമ്മാണം

ചിരട്ടമലയിൽ വച്ച് പച്ച മരുന്ന് നിർമ്മാണ പരിശീലനം നടത്തി. ഗ്രാമീണ

മേഖലയിൽ സാധാരണ കണ്ടു വരുന്ന പച്ചമരുന്നുകൾ ഉപയോഗിച്ചു 'താലീസ് പത്രാദി ചൂർണ്ണം' ഉണ്ടാക്കി. പച്ചമരുന്നുകളുടെ ഒഷധ ഗുണത്തെക്കുറിച്ചും അവ യുടെ സംരക്ഷണത്തെക്കുറിച്ചും ക്ലാസ്സ് എടുത്തു. സി.ഒ.ഡി. ഏരിയ കോ-ഓർ ഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടിക്ക് നേതൃത്വം നല്കി.

## മുറിവെണ്ണ നിർമ്മാണം

തോട്ടുമുക്കം, വെറ്റിലപ്പാറ ഗ്രാമവികസന സമിതികളുടെ നേതൃത്വത്തിൽ മുറിവെണ്ണ നിർമ്മാണപരിശീലനം നടത്തി. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നല്കി. 15 അംഗങ്ങൾ പങ്കെടുത്തു. നമ്മുടെ പ്രദേശ ങ്ങളിൽ സാധാരണ കണ്ടു വരുന്ന ഔഷധ സസ്യങ്ങളെ ക്കുറിച്ചും, അവയുടെ ഔഷധ മൂല്യ ത്തെക്കുറിച്ചും ക്ലാസ് എടുത്തു. മുറിവെണ്ണ എന്ന ഔഷധം സാ ധാരണക്കാർക്ക് ഏറ്റവും എളുപ്പത്തിൽ നിർമ്മിക്കാൻ കഴിയുന്നതാണെന്നു പരി ശീലനത്തിലൂടെ ആളുകൾക്കു ബോധ്യമായി.

## കേശ ദാന ക്യാമ്പ്

ആശാകിരണം കാൻസർ പരിപാടിയുടെ ഭാഗമായി നിർദ്ധനരായ ക്യാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മിച്ചുനൽകുന്നതിനായി തൃശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, സി.ഒ.ഡി (COD) താമരശ്ശേരി യുടെയും നേതൃത്വ ത്തിൽ നടത്തിയ കേശ ദാന പരിപാടിയിൽ സ്കൂൾ മാനേജർ ഫാ. ബിജു നി രപ്പേൽ അദ്ധ്യക്ഷത വഹിച്ചു. സി.ഒ.ഡി അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. അമൽ പു രയിടത്തിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഹെഡ് മാസ്റ്റർ സജി ജോർജ്, സി.ഒ.ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി. മദർ പി.ടി.എ. പ്രസി ഡണ്ട് സുനിത എന്നിവർ സംസാരിച്ചു. 22 കുട്ടികളും അമ്മമാരും കേശദാന ത്തിൽ പങ്കാളികളായി.

## ആശാകിരണം ക്യാൻസർ ക്യാമ്പ്

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD താ മരശ്ശേരിയും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയും, പുല്ലാഞ്ഞിമേടു ള്ള യേശുഭവൻ MSJ സിസ്റ്റേഴ്സിന്റെ സഹായത്തോടെ ഫെബ്രുവരി 19 ന് വി ലങ്ങാട് വച്ച് നടത്തപ്പെട്ടു. ക്യാമ്പിൽ 30 പേർ പങ്കെടുത്തു.

## ജല ജീവൻ പദ്ധതി

**ജല ഓഡിറ്റ് & ബജറ്റ് പരിശീലനം:** കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർ ഓഡിറ്റും വാട്ടർ ബഡ്ജറ്റിങ്ങും നടന്നു. ജല ജീവൻ മിഷൻ ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് സ്വാഗതം ആശം

സിച്ച പരിപാടി കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി മേരി തങ്കച്ചൻ ഉദ് ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി റോസിലി ജോസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർമാരായ ശ്രീ. വി. എസ്. രവീന്ദ്രൻ, ശ്രീ. സുരേഷ് ബാബു മുട്ടോളി, ശ്രീ. ജോസ് തോമസ് മാവറ, ശ്രീമതി. ബിന്ദു ജയൻ, ശ്രീമതി. എൽസമ്മ ജോർജ് എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളിലെ കൺവീനർമാരും, പഞ്ചായത്ത് വാർഡ്തല പാനി സമിതി അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. ജലത്തിന്റെ ഉപയോഗം എങ്ങനെ കുറക്കാമെന്നും ജലം എങ്ങനെ നല്ലരീതിയിൽ ഉപയോഗിക്കാം എന്നും ആളുകളെ മനസിലാക്കി കൊടുക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. റിസോഴ്സ് പേഴ്സൺ ശ്രീ. ബിജു നെൻമേനി ക്ലാസ്സ് നയിച്ചു. ചടങ്ങിൽ ജൽ ജീവൻ മിഷൻ നിർവ്വഹണ സഹായ സംഘടനയിലെ അംഗങ്ങളായ ജ്യോതിസ് ജോസ്, ആൽബിൻ ടോമി, ഷാദിയ എന്നിവർ പങ്കെടുത്തു, വാർഡ് മെമ്പർ ശ്രീമതി എൽസമ്മ ജോർജിന്റെ നന്ദിയോട് കൂടി പരിപാടി അവസാനിച്ചു.

### കലാസാംസ്കാരിക പരിപാടികൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കലാസാംസ്കാരിക പരിപാടികൾ സങ്കടിപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി മേരി തങ്കച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു, വാർഡ് മെമ്പർമാരും സി ഡി എസ് അംഗങ്ങളും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. കൂടരഞ്ഞി ബസ് സ്റ്റാൻഡ്, കോലോത്തുങ്കടവ്, കക്കാടംപൊയിൽ, കൂമ്പാറ, മരഞ്ചാട്ടി എന്നിങ്ങനെ പഞ്ചായത്തിലെ 5 സ്ഥലങ്ങളിൽ ജലത്തിന്റെ പ്രാധാന്യം, ജല ജീവൻ മിഷൻ പദ്ധതി എന്നിവയെ പറ്റി ആളുകളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി നാടൻ പാട്ട്, തെരുവ് നാടകം എന്നിവ സങ്കടിപ്പിച്ചു. പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനം പുരോഗമിച്ചു വരികയാണ്.

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി ബോധവൽ ക്കരണത്തിന്റെ ഭാഗമായി നാടൻ പാട്ടും തെരുവുനാടകവും 5 സ്ഥലങ്ങളിൽ (പുതിയ ബസ് സ്റ്റാൻഡ്, പഴയ ബസ് സ്റ്റാൻഡ്, കുടുക്കിലുമ്മാരം, പരപ്പൻപൊയിൽ, തച്ചംപൊയിൽ) വെച്ച് നടത്തി പുതിയ ബസ് സ്റ്റാൻഡിൽ വെച്ചാണ് ഉദ്ഘാടനം നടത്തിയത്. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെ. ടി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു.

ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി സാമൂഹിക പ്രചരണാർത്ഥം കലാ സാംസ്കാരിക പരിപാടികൾ നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി അബ്ദുൾ നാസർ പരിപാടി ഉദ്ഘാടനം ചെയ്തു, വാർഡ്

മെമ്പർമാർ, സി ഡി എസ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പഞ്ചായത്തിലെ 5 സ്ഥലങ്ങളിൽ ജലത്തിന്റെ പ്രാധാന്യം, ജലജീവൻ പദ്ധതി എന്നിവയെ പറ്റി ആളുകളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി തെരുവ് നാടകം, നാടൻ പാട്ട് സങ്കടിപ്പിച്ചു. ഓമശ്ശേരി ബസ് സ്റ്റാൻഡ്, പെരിവില്ലി, കൂടത്തായി, അമ്പലക്കണ്ടി, പുത്തൂർ എന്നിവിടങ്ങളിലാണ് പരിപാടി നടത്തി യത്.

### കുടിവെള്ള കണക്ഷൻ അപേക്ഷ ഫോംവിതരണം

കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ജലജീവൻ മിഷൻ പദ്ധതയിൽ ഉൾപ്പെട്ട് കുടിവെള്ള കണക്ഷൻ ആവശ്യമുള്ളവർക്ക് ആയി അപേക്ഷാ ഫോം വിതരണവും പൂരിപ്പിച്ച അപേക്ഷ ഫോം സ്വീകരണവും നടന്നു.

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ വോളന്റേഴ്സിനെ ഉപയോഗിച്ച് കുടിവെള്ള കണക്ഷൻ ആവശ്യമുള്ളവർക്ക് ആയി അപേക്ഷാഫോം വിതരണം ചെയ്തു. ടേബിൾ കലണ്ടർ, ഫ്ളിപ് ബുക്ക്, leaflets എന്നിവയും വിതരണം ചെയ്തു

### പ്രവർത്തി ഉദ്ഘാടനം

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനത്തിന്റെ ഭാഗമായി ശിലാഫലകം നിർമ്മിച്ചു നൽകി. ജല ജീവൻ പദ്ധതി പ്രവർത്തി ഉദ്ഘാടനം എം.കെ. മുനീർ എം.എൽ.എ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് ജെ.ടി. അബ്ദുറഹിമാൻ മാസ്റ്റർ അധ്യക്ഷ്യം വഹിച്ചു. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സുപ്രിയ റാണി റിപ്പോർട്ട് അവതരിപ്പിച്ചു. ചാലിയാർ നടിയുടെ തീരത്തു നിർമ്മിക്കുന്ന കിണറ്റിൽ നിന്നാണ് വെള്ളം സംഭരിക്കുന്നത്. കൂളിമാട് നിർമ്മിക്കുന്ന ട്രീറ്റ് മെൻറ് പ്ലാൻറിൽ ശുദ്ധീകരിക്കുന്ന വെള്ളമാണ് വിതരണം ചെയ്യുക. താമരശ്ശേരി, കട്ടിപ്പാറ പഞ്ചായത്തുകൾക്കായി അമ്പായത്തോട് മിച്ചഭൂമിയിൽ 22 ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണി സ്ഥാപിച്ചാണ് വീടുകളിൽ കുടിവെള്ളം എത്തിക്കുന്നത്. വൈസ് പ്രസിഡണ്ട് സൗദ ബീവി, മഞ്ജിത കുറ്റിയാക്കൽ, അമൽ പങ്കജാക്ഷൻ എൻ.ടി. ജെയ്സൺ എന്നിവർ സംസാരിച്ചു.

### റണ്ണിങ് LED ഡിസ്പ്ലേ ബോർഡ്

താമരശ്ശേരി ഗ്രാമ പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തോഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും ജലജീവൻ മിഷൻ പദ്ധതിയെ കുറിച്ചും വളരെ എളുപ്പത്തിൽ ആളുകളിലേക്ക് എത്തിക്കാൻ ആയി പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച 10 ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള ഒരു റണ്ണിങ് LED ഡിസ്പ്ലേ ബോർഡിന്റെ സ്വിച്ച് ഓൺ കർമ്മം ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദുറഹ്മാൻ ജെ ടി നിർവ്വഹിച്ചു. ആരോഗ്യ വിദ്യാ

ഭ്യാസ സ്റ്റാൻന്റിങ് കമ്മിറ്റി ചെയർമാൻ ശ്രീ. എ അരവിന്ദൻ സ്വാഗതപ്രസംഗം നടത്തിയ പരിപാടിയിൽ വൈസ് പ്രസിഡന്റ് ശ്രീമതി സൗദബീവി അധ്യക്ഷത വഹിച്ചു. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. എം ടി അയൂബ് ഖാൻ, ക്ഷേമകാര്യ സ്റ്റാൻന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. മഞ്ജിത കെ കെ, സെക്രട്ടറി ശ്രീ. ജയ്സൺ എൻ ഡി, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ദേവദാസൻ, ആസൂത്രണ സമിതി അംഗങ്ങളായ ശ്രീ. ഹാഫിസുറഹ്മാൻ, ശ്രീ. എം സുൽഫിക്കർ, പഞ്ചായത്ത് സ്റ്റാഫ് അംഗമായ ശ്രീ. സിറാജ്ജുദ്ദീൻ, ജലജീവൻ മിഷൻ ടീം ലീഡർ ആഷിഖ, ഐ.എസ്.എ സി. ഒ.ഡി. പ്രതിനിധി ഷാദിയ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ജലജീവൻ മിഷൻ അനുവദിച്ച ഡിസ്പ്ലേ ബോർഡ് പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന സർക്കാർ തുടങ്ങുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾക്ക് പുറമേ ജനോപകാരപ്രദമായ ലഘു വീഡിയോകളും കൂടുതൽ പേർക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ ഉതകുന്നതാണ്.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി


**CIVIL SERVICE INSTITUTE PALA**
**സിൽവർ ജൂബിലി സ്പെഷ്യൽ ക്യാമ്പ്**

**Meraki** **റെസിഡൻഷ്യൽ പ്രോഗ്രാം**
**2023 ഏപ്രിൽ 20 മുതൽ 23 വരെ**

**ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്ക്**

സമഗ്ര വ്യക്തിത്വ വികാസം,
സിവിൽ സർവ്വീസ് ഓറിയന്റേഷൻ,
ഇതര പ്രൊഫഷനുകളും പഠന രീതികളും,
പ്രവേശനം വിദ്യാർത്ഥികൾക്ക് മാത്രം

**സ്ഥലം : അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം, പാലാ**

ക്ലാസ്സ് നയിക്കുന്നവർ : IAS/IPS ഉദ്യോഗസ്ഥരും മറ്റുമേഖലകളിലെ പ്രമുഖരും

**അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം, പാലാ**
**ഫോൺ : 9539381100, 9744885516**

**Advance Booking on Payment of Rs. 1000/-**

# യേശുനിധി

21.02.2023 മുതൽ 20.03.2023 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chempanoda | 15,000.00 |
| 2 | Kannoth | 15,000.00 |
| 3 | Karingad | 15,000.00 |
| 4 | Kattullamala | 15,000.00 |
| 5 | Kodanchery | 10,000.00 |
| 6 | Koodathai | 8,000.00 |
| 7 | Koorachundu | 10,000.00 |
| 8 | Pushpagiri | 15,000.00 |

**Home**

| | | |
|---|---|---|
| 9 | Cheerattamala | 10,000.00 |
| 10 | Kallanode | 10,000.00 |
| 11 | Kannoth | 10,000.00 |
| 12 | Kodanchery | 10,000.00 |
| 13 | Koorachundu | 10,000.00 |
| 14 | Manjuvayal | 10,000.00 |
| 15 | Padathukadave | 10,000.00 |
| 16 | Padathukadave | 10,000.00 |
| 17 | Poilomchal | 10,000.00 |

**Marriage**

| | | |
|---|---|---|
| 18 | Mankave | 25,000.00 |

**Medical**

| | | |
|---|---|---|
| 19 | East Hill | 10,000.00 |
| 20 | Engapuzha | 5,000.00 |
| 21 | Kannoth | 10,000.00 |
| 22 | Kodanchery | 8,000.00 |
| 23 | Konoorkandy | 8,000.00 |
| 24 | Koorachundu | 8,000.00 |
| 25 | Koorachundu | 8,000.00 |
| 26 | Kundayithode | 10,000.00 |
| 27 | Manjakunnu | 10,000.00 |
| 28 | Panamplave | 10,000.00 |
| 29 | Pedikappara | 10,000.00 |
| 30 | Poilomchal | 10,000.00 |
| 31 | Poilomchal | 10,000.00 |
| 32 | Theyyappara | 10,000.00 |
| 33 | Thiruvambady | 15,000.00 |
| 34 | Valillapuzha | 10,000.00 |

**Miscellaneous**

| | | |
|---|---|---|
| 35 | Perinthalmanna | 10,000.00 |

**Total 3,80,000.00**

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

മാർച്ച് 2023

01 രാവിലെ, മരുതോങ്കര വൈദികമന്ദിരത്തിൽ മരുതോങ്കര ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, മരുതോങ്കര ദൈവാലയത്തിൽ മരുതോങ്കര ഫൊറോന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് ദിവ്യബലിയർപ്പിച്ചു.

02 രാവിലെ, വിലങ്ങാട് ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

വിലങ്ങാട് വൈദിക മന്ദിരത്തിൽ വിലങ്ങാട് ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

03 ഉച്ചയ്ക്ക്, ആദ്യവെള്ളിയാഴ്ചയോടനുബന്ധിച്ച് പുല്ലൂരാംപാറ ബഥാനിയായിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, തിരുവമ്പാടി സേക്രഡ് ഹാർട്ട് യു.പി. സ്കൂൾ വാർഷികവും പ്രധാനാദ്ധ്യപകനായ അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ സാറിന്റെയും തങ്കമ്മ ടീച്ചറിന്റെയും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയതു.

04 രാവിലെ, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനിഭവനത്തിൽ ദിവ്യബലിയർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന വിശ്വാസോത്സവ പഠനശിബിരം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, പെരുവണ്ണാമൂഴി ശാലോം ടി.വി.യിൽ ഒരു പ്രോഗ്രാം ചെയ്തു.

വൈകുന്നേരം, പെരുവണ്ണാമൂഴി ഫാത്തിമ മാതാ സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിക്കുകയും സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

05 പീടികപ്പാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

06 ചെമ്പേരിയിൽ, തലശ്ശേരി അതിരൂപതയിലെ വൈദികനായ ബഹു. ഫാ. മാത്യു എം. ചാലിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

കുന്നോത്ത് മേജർ സെമിനാരി സന്ദർശിച്ചു.

07 രാവിലെ, രൂപത ഭവനിൽ ദിവ്യബലിയർപ്പിച്ചു.

08 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ ആലക്കൽ ത്രേസ്യമ്മയ്ക്കു വേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

തിരുവമ്പാടി വൈദികമന്ദിരത്തിൽ തിരുവമ്പാടി ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

09 രാവിലെ, ചേവരമ്പലം സ്റ്റാർട്ട് കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

കോഴിക്കോട് രൂപതയുടെ പാസ്റ്ററൽ സെന്ററിൽ നടന്ന മലബാർ ബിഷപ്സ് കോൺഫറൻസ് സംഘടിപ്പിച്ച ന്യൂ എഡ്യുക്കേഷൻ പോളിസി സെമിനാറിൽ സംബന്ധിച്ചു.

10 രാവിലെ, പി.എം.ഒ.സി.യിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്കു വേണ്ടി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപത ഭവനിൽ നടന്ന കത്തോലിക്ക കോൺഗ്രസ് അഭിഭാഷക ഫോറം രൂപീകരണ മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

11 രാവിലെ, മാലാപറമ്പ് ഇടവകയിൽ ബഹു. ജോസഫ് കിളിയൻപറമ്പിലച്ചന്റെ പിതാവ് റെജി കിളിയൻപറമ്പിലിനുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, കോഴിക്കോട് ട്രിപ്പന്റെൻ ഹോട്ടൽ ഓഡിറ്റോറിയത്തിൽ നടന്ന രാഷ്ട്രദീപികയുടെ 136-ാം വാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

12 ചുണ്ടത്തുംപൊയിൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

13 രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി സമൂഹത്തിന്റെ കപ്പേളയിൽ ഏതാനും അർത്ഥിനികളുടെ പോസ്റ്റുലൻസി പ്രവേശനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി വൈദികമന്ദിരത്തിൽ താമരശ്ശേരി ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

14 വൈകുന്നേരം, IFAE ഡയറക്ടർ ബോർഡ് ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

15 രാവിലെ, ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

കൂരാച്ചുണ്ട് വൈദികമന്ദിരത്തിൽ കൂരാച്ചുണ്ട് ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

16 രാവിലെ, ഈങ്ങാപ്പുഴ ഗുഡ്ഷെപ്പേർഡ് സന്യാസിനി സമൂഹത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

പുല്ലൂരാംപാറ ഇടവകയിൽ ബഹു. ജോർജ് കളപ്പുരയച്ചന്റെ സഹോദരി പരേതയായ ഏലിയാമ്മ തടിയിലിനുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

കോടഞ്ചേരി വൈദികമന്ദിരത്തിൽ കോടഞ്ചേരി ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, ദീപിക അപക്സ് ബോർഡ് ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

17 കുണിഞ്ഞി ഇടവകയിൽ തങ്കച്ചൻ തൈലയിലിന്റെ മൃതസംസ്കാര ശുശ്രൂഷകയിൽ സംബന്ധിച്ചു.

18 രാവിലെ, അമ്പായത്തോട് സനാതന എം.സി.ബി.എസ്. മേജർ സെമിനാരിയിൽ ഏതാനും വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി.

ഗുഡ്ഷേപ്പർഡ് സന്യാസിനിസമൂഹത്തിന്റെ സുപ്പീരിയർ ജനറലിനെ രൂപത ഭവനിൽ സ്വീകരിച്ചു.

രാവിലെ, രൂപത ഭവനിൽ നടന്ന ലിറ്റർജി കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, രൂപത ഭവനിൽ വെച്ച് നടന്ന ഇൻഫാം എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, ചാവറ ഹോസ്പിറ്റലിൽ സി.എം.സി. സന്യാസിനി സമഹാംഗം പരേതയായ സി. ലിവീന റോസ് സി.എം.സി.യ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 രാവിലെ, മാങ്കാവ് ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവക ദൈവാലയത്തിൽ സി. ലിവീന റോസ് സി.എംസി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃ ത്വം നല്കി.

വൈകുന്നേരം, കട്ടാങ്ങൽ ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

20 രാവിലെ, രൂപത ഭവനിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോ ടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

രാവിലെ, കരുവാരകുണ്ട് വൈദികമന്ദിരത്തിൽ കരുവാരകുണ്ട് ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, പെരിന്തൽമണ്ണ വൈദികമന്ദിരത്തിൽ പെരിന്തൽമണ്ണ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

21 രാവിലെ, പെരിന്തൽമണ്ണ ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, മഞ്ചേരി വൈദികമന്ദരത്തിൽ മലപ്പുറം ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, മഞ്ചേരി നസ്രത്ത് സ്കൂൾ വാർഷികത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

22 രാവിലെ, ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു.

23 രാവിലെ, കൂമുള്ളി ഇടവകയിൽ എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിന്റെ പുതുതായി നിർമ്മിച്ച സന്യാസഭവനം വെഞ്ചരിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

തിരുവമ്പാടി അൽഫോൻസ കോളേജിൽ സി.ഒ.ഡി.യുടെ നേതൃത്വത്തിൽ നടത്തിയ ആന്റി ഡ്രഗ് ക്യാമ്പെയിൻ ഉദ്ഘാടനം ചെയ്തു.

കൂടരഞ്ഞി ഇടവകയിലെ പരേതനായ കുരിശുംമൂട്ടിൽ ദേവസ്യയ്ക്കുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

മരഞ്ചാട്ടി സ്കൂളിൽ പുതുതായി നിർമ്മിച്ച കിഡ്സ് പാർക്ക് ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപത ഭവനിൽ നടന്ന പെയിൻ ആന്റ് പാലിയേറ്റീവ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം രൂപത ഭവനിൽ നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു.

24 രാവിലെ, മാസധ്യാനത്തോടനുബന്ധിച്ച് ഭവനാംഗങ്ങളോടൊത്ത് രൂപത ഭവൻ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

25 രാവിലെ, രൂപത ഭവൻ കപ്പേളയിൽ ഒരു കുഞ്ഞിന് ആദ്യകുർബാന നൽകുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

തിരുവമ്പാടിയിൽ നടന്ന മരിയൻ പ്രോ-ലൈഫ് സംഗമത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

വൈകുന്നേരം, വടവാതൂർ സെമിനാരി റെക്ടർ ബഹു. സ്കറിയ കന്യാകോണിൽ അച്ചനെ രൂപത ഭവനിൽ സ്വീകരിച്ചു.

26 കൽക്കുണ്ട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

27 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

തോട്ടുമുക്കം വൈദികമന്ദിരത്തിൽ തോട്ടുമുക്കം ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

28 രാവിലെ, രൂപത ഭവനിൽ നടന്ന വൈദികസമിതി സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

29 പാറോപ്പടി വൈദികമന്ദിരത്തിൽ പാറോപ്പടി ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

30 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രൂപതയ്ക്കുവേണ്ടി പരിശീലനം നടത്തുന്ന വൈദിക വിദ്യാർത്ഥികൾക്ക് വിവിധ പട്ടങ്ങൾ നടത്തി.

രാവിലെ, ചേവരമ്പലം സ്റ്റാർട്ടിൽ 2022-23 അധ്യായനവർഷത്തെ എം.ടി.സി. വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണിയിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, പാറോപ്പടി ഗദ്സെമെൻ കോൺവെന്റിൽ വിമലമേരി സന്യാസിനീ സഭാംഗമായ സി. മേഴ്സി എം.എസ്.എം.ഐ. യുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്ന് നാൽപ്പതാം വെള്ളിയോടനുബന്ധിച്ച് നടക്കുന്ന കുളത്തുവയൽ തീർത്ഥാടനത്തിന് നേതൃത്വം നൽകി

31 രാവിലെ, കുളത്തുവയൽ തീർത്ഥാടനത്തോടനുബന്ധിച്ച് കുളത്തുവയൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.





From
# Homily of His Holiness Pope Francis



Courage. This is a word often spoken by Jesus in the Gospels. Only once do others say it, to encourage a person in need: "Courage; rise, [Jesus] is calling you!" (Mk 10:49). It is he, the Risen One, who raises us up from our neediness. If, on your journey, you feel weak and frail, or fall, do not be afraid, God holds out a helping hand and says to you: "Courage!". You might say, as did Don Abbondio (in Manzoni's novel), "Courage is not something you can give yourself" (I Promessi Sposi, XXV). True, you cannot give it to yourself, but you can receive it as a gift. All you have to do is open your heart in prayer and roll away, however slightly, that stone placed at the entrance to your heart so that Jesus' light can enter. You only need to ask him: "Jesus, come to me amid my fears and tell me too: Courage!" With you, Lord, we will be tested but not shaken. And, whatever sadness may dwell in us, we will be strengthened in hope, since with you the cross leads to the resurrection, because you are with us in the darkness of our nights; you are certainty amid our uncertainties, the word that speaks in our silence, and nothing can ever rob us of the love you have for us.

This is the Easter message, a message of hope. It contains a second part, the sending forth. "Go and tell my brethren to go to Galilee" (Mt 28:10), Jesus says. "He is going before you to Galilee" (v.7), the angel says. The Lord goes before us, he goes before us always. It is encouraging to know that he walks ahead of us in life and in death; he goes before us to Galilee, that is, to the place which for him and his disciples evoked the idea of daily life, family and work. Jesus wants us to bring hope there, to our everyday life. For the disciples, Galilee was also the place of remembrance, for it was the place where they were first called. Returning to Galilee means remembering that we have been loved and called by God. Each one of us has our own Galilee. We need to resume the journey, reminding ourselves that we are born and reborn thanks to an invitation given gratuitously to us out of love, there, in my own Galilee. This is always the point from which we can set out anew, especially in times of crisis and trial. With the memory of my own Galilee.

*Easter Vigil, 11 April 2020*

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-03-2023 |





Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 04, April 2023, Pages 80.